24 SEP 1960 MADRAS

# തുഞ്ചത്തെഴുത്തച്ഛൻ

പുസ്തകം 11 | 1960 സെപ്തംബർ | ലക്കം 5

## പ്രാർത്ഥന

ആനന്ദചിന്മയ! ഹരേ! ഗോപികാരമണ!
ഞാനെന്നഭേദമതു തോന്നായ്കവേണമിഹ
തോന്നുന്നതാകിലഖിലം ഞാനിതെന്നവഴി
തോന്നേണമേ! വരദ! നാരായണായ നമ:

## ആചാര്യസൂക്തികൾ

### ദേഹം അനിത്യം

ദേഹംനിമിത്തമീ ദു:ഖമറികനീ
ദേഹമോർക്കിൽ കർമ്മസംഭവം നിർണ്ണയം
ദേഹത്തിലുള്ളോരഹം ബുദ്ധികൈക്കൊണ്ടു
മോഹാദഹംകൃതി കർമ്മങ്ങൾ ചെയ്യുന്നു
നിത്യമായുള്ളോരവിദ്യാസമുത്ഭവ
വസ്തുവായുള്ളൊന്നഹങ്കാര മോർക്കനീ
ചിച്ഛായയോടു സംയുക്തമായ്‌വർത്തതേ
തപ്തമായുള്ളോരയ: പിണ്ഡവത്സദാ
തേനദേഹത്തിന്നു താദാത്മ്യയോഗേന
താനൊരു ചേതനവാനായ് ഭവിക്കുന്നു
ദേഹോഹമെന്നുള്ള ബുദ്ധിയുണ്ടായ്‌വരു
മാഹന്ത! നൂനമാത്മാവിന്നു മായയാം
ദേഹോഹമദ്യൈവ കർമ്മകർത്താഹമി-
ത്യാഹന്തസങ്കല്പ്യ സർവ്വദാ ജീവനും
കർമ്മങ്ങൾ ചെയ്തു ഫലങ്ങളാൽബദ്ധനായ്
സമ്മോഹമാർന്നു ജനനമരണമാം
സംസാരസൌഖ്യ ദു:ഖാദികൾ സാധിച്ചു
ഹംസപാദങ്ങൾ മറന്നു ചമയുന്നു.
ഗർഭവാസാദി ദു:ഖങ്ങളും ജന്തു
വർഗ്ഗോത്ഭവനാശവും ദേഹമൂലംസഖേ
സ്ഥൂലസൂക്ഷ്മാത്മക ദേഹദ്വയാൽ പരം
മേലെയിരുപ്പതാത്മാപരൻ കേവലൻ
ദേഹാദികളിൽ മമതയുമുപേക്ഷിച്ചു
മോഹമകന്നാത്മജ്ഞാനിയായ് വാഴ്കനീ.

# ആമുഖോപന്യാസം അഥവാ
# ഈശ്വരവിശ്വാസം

(ക. ജനാർദ്ദനൻ തമ്പാൻ)

[“തുഞ്ചത്തെഴുത്തച്ഛ”ന്റെ 1960 ജനവരി-ഏപ്രിൽ ലക്കങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള “കാട്ടിലുമെത്തും ഈശ്വരഹസ്തം” എന്ന കാവ്യത്തിന്നു് ഒരു അവതാരിക]

കുറെക്കാലം മുമ്പു് മദ്രാസിലെ “ഹിന്ദു” പത്രത്തിൽ കണ്ട ഒരു വൃത്താന്തശകലമാണു് ഇക്കവിതക്കു് ഇതിവൃത്തമായി ഭവിച്ചതു്. കവിതയിൽ ഇതരഭാഷാശബ്ദങ്ങളുടെ അസ്വരസം തോന്നാതിരിപ്പാൻ പ്രസ്തുത വാർത്താറിപ്പോർട്ടിൽ നിന്നു് ചില്ലറ വ്യതിയാനങ്ങൾ വരുത്തേണ്ടിവന്നു. “ടാക്സികാർ” “ഡ്രൈവർ” എന്നിവയെ വാടകക്കു് വിടുന്ന വണ്ടി, വണ്ടിക്കാരൻ, എന്നാക്കി മാററി. “ക്ലീനർ ഡ്രൈവറെ കാണാഞ്ഞിട്ടു് അന്വേഷിച്ചു് ചെല്ലുകയും അപ്പോൾ വസ്തുതകൾ അറിയുകയും ചെയ്തു” എന്ന വാർത്താവിവരണത്തിലും തെല്ലൊരു ഭേദഗതി ചെയ്തു. മരുന്നുചെടികൾ തേടിക്കൊണ്ടു് ഒരു നാടൻ പിറേറന്നാൾ ആ കാട്ടിൽ ചെല്ലാനിടയായി എന്നങ്ങനെ കഥക്കു് വൈചിത്ര്യം വരുംവണ്ണം ഒരു വ്യത്യസ്ത കഥാപാത്രത്തെത്തന്നെ ആ പ്രകൃതത്തിൽ അവതരിപ്പിക്കുകയാണു് കാവ്യകൃത്തു് ചെയ്തതു്. പുറമെ കാവ്യത്തിന്നു് രൂപഭാവരസാദികൾ ഇയററുവാൻ പററിയ യഥോചിത വർണ്ണനങ്ങൾ വിലാപങ്ങൾ പ്രാർത്ഥനകൾ എന്നിവയും, കഥനം സചേതനമാക്കുവാനുതകുന്ന സംഭാഷണങ്ങളും, വിശിഷ്യ കാവ്യത്തിന്നാകമാനം ഒരു ധാർമ്മികാഭിമുഖ്യവും കാവ്യകാരന്റെ സ്വന്തം സംഭാവനകളാണു്. എങ്കിലും വാർത്താലേഖകൻ റിപ്പോർട്ടു് ചെയ്തിരുന്ന മുഖ്യ സംഗതികളുടെ—തട്ടിപ്പറി, പൊട്ടക്കിണർ, സർപ്പദംശനം, എന്നിവയുടെ—സത്യാവസ്ഥയെ ഇക്കവിതയിലെ കല്പനകൾ തെല്ലും ഭംഗപ്പെടുത്തുന്നില്ല, വല്ലതും ഭംഗിയാക്കിയാൽ തന്നെ.

വാസ്തവത്തിൽ നടന്നതെന്നു് ഒരു പത്രലേഖകൻ യഥാതഥം റിപ്പോർട്ടു് ചെയ്ത ഒരു സംഭവത്തെ ഇക്കാവ്യത്തിൽ ഈശ്വരകാരുണ്യത്തിന്റെ ഒരത്ഭുതപ്രദർശനമായി വർണ്ണിച്ചിരിക്കുന്നു. എന്നാൽ ഭൗതികയുക്തിവാദികൾ പ്രസ്തുത സംഭവത്തെ, യഥാകഥഞ്ചിൽ ഒത്തുചേർന്ന ഏതാനും സംഗതികൾ എന്നേ കണക്കാക്കുകയുള്ളു. “കാകതാലീയാ”ദി ന്യായങ്ങളുണ്ടു് അവക്കെടുത്തുകാട്ടാൻ. ഈദൃശയാദൃച്ഛികതയിൽ വിസ്മയാവിഷ്ടരായി, അതുകളിൽ ഏതോ അഭൗമമൈക്കവിളയാട്ടമുണ്ടെന്നു് ധരിച്ചുവശാവുകയാണു് ദൈവധവാദികൾ എന്നും, അതിന്നും കാരണം അവർ സവിശേഷ വൈകാരികതകൾ

ക്കോ സ്വകാര്യ താല്പര്യങ്ങൾക്കോ വശംവദരാവുന്നതാണ്, എന്നും "സൈക്കോളജി"യുടെ രഹസ്യങ്ങളറിയുന്ന ഈ ഭൗതിക യുക്തിവാദികൾ കലവറ തുറന്നുകാട്ടും. ഈ ആരോപണം ചിലപ്പോൾ ന്യായംതന്നെ എന്ന് പറയേണ്ടിവരും. എന്തെന്നാൽ, സവിശേഷ താല്പര്യവൈകാരികതകൾ കൊണ്ട് മാത്രം ഈശ്വരന്റെ പേരിൽ ആണയിടുന്ന "വിശ്വാസി"കൾ ലോകത്തിൽ മിക്ക ഭാഗങ്ങളിലും ജനതക്ക് ബഹുവിധ മർദ്ദനങ്ങളും കഷ്ടപ്പാടുകളും സഹിക്കുവാൻ ഇടയാക്കിയിട്ടുണ്ടെന്ന് മതങ്ങളുടെ പരാക്രമചരിത്രങ്ങൾ മതിയായ തെളിവുതരുന്നു. എന്നാൽ അങ്ങനത്ത "വിശ്വാസി"കളെ അപവദിക്കുന്ന "അവിശ്വാസി"കളായ യുക്തിവാദികൾ സ്വയം താല്പര്യവൈകാരികതകൾക്ക് അതീതരാണോ എന്നും ചോദിക്കേണ്ടിയിരിക്കുന്നു. ഏതായാലും മതവിശ്വാസികൾ നിമിത്തം ലോകത്തിലുണ്ടായിട്ടുള്ള വിപത്തുകളിലൊട്ടും കുറവില്ലാത്ത ദുരിതദുഃഖങ്ങൾ സൃഷ്ടിക്കുവാൻ മതിയായിട്ടുണ്ട് തങ്ങളുടെ ഈശ്വരനില്ലാ-മതത്തെ പ്രചരിപ്പിക്കുന്നതിൽ ആധുനിക ഭൗതിക "ഇസ"ക്കാർ പ്രകടിപ്പിക്കുന്ന വൈകാരിക താല്പര്യങ്ങളും അവരുടെ നിർബ്ബന്ധം ചെലുത്തുന്ന മാർഗ്ഗങ്ങളും. ഈ വിവാദത്തിൽ നിന്ന് ഒരു വാസ്തവം വേറിടുന്നു:—"വിശ്വാസി"കളായാലും വേണ്ടില്ല "അവിശ്വാസി"കളായാലും വേണ്ടില്ല, സ്വമതം ("ഇസം") മാത്രമേ ശരിയുള്ളൂ എന്ന് ശഠിക്കുന്നതുകൊണ്ടും അത് എല്ലാരും സ്വീകരിക്കണമെന്ന് ശാസിക്കുന്നതുകൊണ്ടുമാണ് ലോകത്തിൽ അന്നും ഇന്നും ഇനിമേലും സമാധാനഭംഗങ്ങളും അഭിവൃദ്ധിക്ഷേമങ്ങൾക്ക് വിഘ്നവും സംഭവിക്കുന്നത്. മതം എന്ന പദത്തെ അതിന്റെ ശരിയായ അർത്ഥത്തിൽ അംഗീകരിച്ച്, പൊതുക്ഷേമത്തിന്ന് ഹാനികരമല്ലാത്തവിധം സ്വമതസ്വാതന്ത്ര്യം ഏവർക്കും അനുവദിച്ചുകൊണ്ടുള്ള സഹവർത്തിത്വത്തിൽ മാത്രമേ സമുദായത്തിലും രാഷ്ട്രത്തിലും ലോകത്തിലും സുഖദായകമായ സമാധാനം പുലരുകയുള്ളൂ.

സദാചാരവിചാരങ്ങൾക്കും ധാർമ്മികാശയപ്രകാശനങ്ങൾക്കുമല്ലാ കവിതയിൽ പ്രാമുഖ്യം, സരസമായും സമർത്ഥമായും ആവിഷ്കരിക്കപ്പെടുന്ന അതിലെ കലാപുഷ്കലതയ്ക്കാണ്—അങ്ങനെയൊരഭിപ്രായത്തിന്ന് വലിയ പ്രചാരമുണ്ട്. എന്താണീ കല എന്ന് ചോദിച്ചാലാകട്ടെ അതിന്ന് അത്ര സുവ്യക്തമോ സർവ്വസമ്മതമോ ആയ ഒരു ലക്ഷണം പറയാൻ ആർക്കും സാധ്യമല്ല. അതെന്തായാലും പ്രശസ്തനായ ഒരു മഹാകവിയാണ് ഒരിക്കൽ അസന്ദിഗ്ദ്ധം പ്രഖ്യാപിച്ചത്. കവിതാകാമിനി ഒരു തൃക്കൈയ്യിൽ കലയും ഇതരത്തിൽ സദാചാരവും വഹിച്ചുകൊണ്ട് തനിക്ക് പ്രത്യക്ഷപ്പെടുകയും അതിലേതുവേണം വരം എന്ന് തന്നോട് ചോദിക്കുകയും ചെയ്യുന്നതായാൽ താൻ കൂസലുകൂടാതെ കല മതി തനിക്ക് എന്ന് കൈ നീട്ടുന്നതാണ്, എന്ന്. കല എന്ന് പറയപ്പെടുന്ന ഒന്നിന്റെ കലർപ്പ് എത്രതന്നെ ചെലുത്തിയാലും സദാചാരത്തിന്റെ—സദ്ദർശനത്തിന്റെ—കൂട്ടുകൂടാത്ത ഏതൊരു കാവ്യവും ഉത്തമസാഹിത്യപദവിയിൽ തൽക്കവിയേയും തല്ക്കാലത്തേയും അതിജീവിച്ച് ഏറെ നാൾ വാഴുമോ എന്നുള്ളത് വളരെ സംശയം

വഹമാണു്. പിന്നെ, കലയും സദാചാരവും നെല്ലും മോരും പോലെയാണോ? അന്യോന്യം പൊരുത്തമില്ലാത്ത, അന്യോന്യം ഒരാവശ്യവുമില്ലാത്ത രണ്ടു് ഭിന്നസാധനങ്ങളാണോ അവ? ഒരു രമണീയകാവ്യത്തിന്റെ തങ്കപ്പൂമേനിയിൽ നിന്നു് കലാകാഞ്ചനത്തെ മാത്രം വേറെടുത്തു് സദാചാരതാമ്രത്തെ ത്യജിച്ചാൽ ആ കാവ്യത്തിന്റെ കഥതന്നെ കഴിഞ്ഞില്ലേ?

അതാണോർക്കേണ്ടതു്. എങ്കിലും ഒരു കാവ്യത്തിൽ സദാചാരവിചാരങ്ങളും ധാർമ്മിക പ്രതിപാദനങ്ങളും പ്രകടമായി കടത്തിവിടുന്നതു് അതിന്റെ മൂല്യത്തിന്നു് മാററു കുറയ്ക്കലാവും, ആ സ്വാദ്യതയ്ക്കു് രസക്കേടുമായേക്കാം. ആ സംഗതി ഈ കാവ്യകൃത്തിന്നും ബോദ്ധ്യമാണു്. എന്നിട്ടും ഇക്കൃതിയിൽ സദാചാരപ്രസ്താവങ്ങളും ധാർമ്മികോൽബ്ബോധങ്ങളും മുന്തിനില്ക്കുന്നുണ്ടെങ്കിൽ അതിന്നു്, "സദൃശം ചേഷ്ടതേ സ്വസ്യാഃ—നിഗ്രഹഃ കിം കരിഷ്യതി"? എന്നു് കൈമലത്താനേ നിവൃത്തിയുള്ളൂ. അല്പം വിശദീകരിക്കട്ടെ. ഇജ്ജന്മത്തിലെ തന്റെ സ്വധർമ്മം—"സ്വഭാവനിയതം" കർമ്മം—എന്തെന്നറിയാനുള്ള ഉഴറിച്ചയിൽ താൻ നടത്തിക്കൊണ്ടിരുന്ന നിരന്തരവും ചിരന്തനവുമായ ആത്മപരിശോധനകൾക്കിടയിൽ ഇയ്യുള്ളവന്നു് ചിലതു് ബോധപ്പെടുകയുണ്ടായി. അതിലൊന്നിതാണു്. സർഗ്ഗശക്തി കുറയുമെങ്കിലും നിസർഗ്ഗജം തന്നെയായ ഒരു കവിത്വം തന്നിൽ കിളർന്നിട്ടുണ്ടു്, പക്ഷെ അതിനേക്കാൾ ആഴത്തിൽ വേരുപാഞ്ഞിട്ടുള്ള ഒന്നാണു് തന്നിലെ ഒരു ഈശ്വരാശ്രയണസ്വഭാവം. തന്നിലുദിച്ച—അഥവാ തന്നിൽ അവശേഷിച്ച—ഈ സഹജ കവിതാവാസന, തന്റെ യൌവ്വനത്തിലെ കവിയശഃ പ്രാർത്ഥിതത്തിൽ തപിച്ചു് വാടാനും തണുത്തു് വിറക്കാനും ഇടയാകും മുമ്പു് തന്റെ ബാല്യത്തിൽ അബോധപൂർവ്വം സുലഭമായി മുകുളിതമായിരുന്നു. അതെല്ലാം ഈ ഈശ്വരാശ്രയണസ്വഭാവത്തിന്റെ അന്തഃപ്രേരണയാലായിരുന്നു എന്നു് ഇപ്പോഴാണു് ഓർത്തറിയുമാറായതു്. അതിനാൽ ഇനിമേൽ തന്റെ മറെറല്ലാസ്വാഭാവിക കർമ്മങ്ങളേയും പോലെത്തന്നെ, തന്റെ ഈ ബലഹീനയെങ്കിലും അനുരൂപയായ കവിതാവാസനയേയും സ്വ ജീവിതാദർശത്തോടു് അധികമധികം സാധർമ്മ്യം പ്രാപിക്കുവാനുള്ള സഹധർമ്മിണിയായി ബോധപൂർവ്വം പ്രവർത്തിപ്പിക്കുകയാണു് വേണ്ടതു് എന്നു് തീരുമാനമായി. തദനുസാരം അടുത്ത കാലത്തു് സോദ്ദേശം രചിച്ചതാണു് ഇക്കവിത. അതിനാൽ ഇതിലെ കലാശില്പം എത്രമേൽ രമ്യവും ഭദ്രവുമായിട്ടുണ്ടു് എന്ന നോട്ടത്തേക്കാൾ, താനിതിൽ ചെയ്തിട്ടുള്ള ധർമ്മപ്രശംസനം തനിക്കു് എത്രത്തോളം ശീലസ്വഭാവമായിട്ടുണ്ടു് എന്നു് പരീക്ഷിക്കലാണു് ഇയ്യുള്ളവന്നു് കൂടുതൽ പരിഗണനീയം.

ഈശ്വരവിശ്വാസം, പ്രാർത്ഥനാശീലം ഇവയുടെ നന്മയും മേന്മയുമാണു് ഈ ആഖ്യാനകാവ്യം മുഖ്യമായി പ്രസാധനം ചെയ്യുന്നതു്.

എന്നാൽ ഈശ്വരാസ്തിത്വത്തിൽ വിശ്വാസമില്ലാത്ത ആളുകൾ വളരെ

യുണ്ട്. പ്രാർത്ഥനയിൽ താല്പര്യമോ * (1, 2.) അതിന്റെ ആവശ്യമോ തോന്നാത്തവരും കുറച്ചൊന്നുമല്ല. അതുകൊണ്ട് അവരെല്ലാം മോശക്കാരാണെന്ന് ഇയ്യുള്ളവൻ അഭിപ്രായപ്പെടുന്നുവെന്നോ? ഇല്ലേ, ഇല്ല. സാക്ഷാൽ ബുദ്ധദേവൻ മുതൽ ആധുനികനായ ജവഹർലാൽ നെഹ്റുവരെയുള്ള പലപ്രമുഖ ചരിത്രപുരുഷന്മാരുണ്ട് ഈശ്വരാസ്തിത്വത്തെ അത്രകാര്യമായി പ്രസ്താവിക്കാത്തവരായിട്ട്—അഥവാ അവഗണിക്കുകതന്നെ ചെയ്യുന്നവരായിട്ട്. എന്നിട്ടും ലോകം അവരെ ആരാദ്ധ്യരായികരുതുന്നു. അചഞ്ചല ഈശ്വരവിശ്വാസിയായിരുന്നു മഹാത്മാഗാന്ധി. അദ്ദേഹം തന്റെ ആത്മീയപാരമ്പര്യത്തിന്നവകാശിയായി തന്റെ അനുയായികൾക്കിടയിൽ നിന്ന് നിർദ്ദേ

---

* 1. "മനുഷ്യനെ മയക്കുന്ന അവീനാണ് (ദൈവവിശ്വാസം"മതം എന്ന (പ്രസിദ്ധമന്ത്രത്തിന്റെ ഋഷിയായ മാർക്സിനെ ആചാര്യനായി വരിച്ചിട്ടുള്ള കോമ്മ്യൂണിസ്റ്റ്കാർക്ക് ഈശ്വരന്റെ മേൽവിലാസത്തിലുള്ള മതങ്ങളൊന്നും വിശ്വസിച്ചുകൂടാ എന്നൊരനുശാസനമുണ്ട്. ഇന്ന് ലോകത്തിലെ ഏറിയൊരു കൂറും റഷ്യം—ചീനാ കോയ്മകൾക്ക് കീഴിൽപ്പെട്ട സാമന്തരാഷ്ട്രങ്ങളായിരിക്കുന്നതിനാൽ മുമ്പ് എന്നത്തേക്കാളും ഇന്ന് വലിയൊരു വിഭാഗം ലോകർ ഈശ്വരവിശ്വാസവിരോധിയായ കോമ്മ്യൂണിസത്തിലേക്ക് മതം മാറി ഗതിതേടുന്നവരായിട്ടുണ്ട്. ഈയിടെ (1960-മേയ്) പേരിസ്സിൽവെച്ച് നടത്താൻ പുറപ്പെട്ട പഞ്ചമഹാശക്തികളുടെ ആ ഭാഗ്യംകെട്ട സമിററ് കോൺഫറൻസിൽ സംബന്ധിക്കാനായിച്ചെന്ന റഷ്യൻ പ്രധാനമന്ത്രി നി. ക്രൂഷ്ച്ചേവ് പടിഞ്ഞാറൻ യൂറോപ്പിൽ പര്യടനം ചെയ്തുകൊണ്ടിരിക്കെ തന്റെ പിതൃഭൂമി അടുത്തകാലത്തായി നേടിയ വിസ്മയാവഹമായ സയൻസ് പുരോഗതിയേയും അസൂയാവഹമായ ഭൗതികാഭിവൃദ്ധിയേയും സാഭിമാനം പുകഴ്ത്തിപ്പാടി. സോവ്യററ് റഷ്യയുടെ ഈ അവിഗണനീയമായ മുന്നേററം സ്ഫടികസ്ഫുടം തെളിയിക്കുന്നത് നിരീശ്വരമായ കോമ്മ്യൂണിസത്തിന്റെ അനന്യസദൃശമായ വൈശിഷ്ട്യമാണ് എന്നുകൂടി ക്രൂഷ്ച്ചേവ് സ്വമതപ്രചാരപ്രസംഗങ്ങൾ നടത്തി. പ്രകടമായൊരു ഹാസ്യത്തോടെ—അന്നത്തെ പത്രറിപ്പോർട്ടിൽ കണ്ടതാണിത്—അദ്ദേഹം പറഞ്ഞപ്പോൾ: ("കൃസ്തുമതം"വിശ്വാസികളായ നിങ്ങളുടെ ഈശ്വരനോട് യാചിച്ചിട്ടും കെഞ്ചിയിട്ടുമല്ല കോമ്മ്യൂണിസ്റ്റ് റഷ്യ ഇന്ന് സയൻസ് ടെക്നോളജിയിലും സമ്പൽസമൃദ്ധിയിലും അമേരിക്കയെപ്പോലും പിൻതള്ളി പ്രഥമസ്ഥാനത്തെത്തിയത്. അത് റഷ്യൻ ജനതയുടെ കഠിനമായ പുരുഷപ്രയത്നത്തിന്റെ ഫലമാണ്." അമ്മട്ടിലുള്ള തനിക്കുതാൻ പോരിത്തത്തിന്റെ ശാമായ ചെകിട്ടിൽ, കവി തന്റെ പഴയമട്ടിൽ, "സസങ്കല്പത്തിലുമേറെ സിദ്ധിപ്രദമല്ലോ ഈശനോടുണർത്തും പ്രാർത്ഥന" എന്ന് വീണമീട്ടിപ്പാടിയിട്ടെന്തുകാര്യം?

2. ഹീനവും ക്രൂരവുമായ ഒന്നിലധികം കുററങ്ങൾക്ക് വധശിക്ഷ വിധിക്കപ്പെട്ട കു (സു) പ്രസിദ്ധനായിത്തീർന്ന സി. ചെസ്മെൻ എന്ന 38 വയ

ശിച്ച ആളും രാമായണവും ഭാരതവും തർജ്ജിമചെയ്തു് പ്രചരിപ്പിച്ച ശ്രീ. രാജഗോപാലാചാരിയല്ലായിരുന്നു, ഈശ്വരമതകാര്യങ്ങളിൽ തീരെ ഉദാസീനനും സാമൂഹ്യവിപ്ലവപ്രിയനുമായ ജവഹർലാലിനെയായിരുന്നു എന്നതു് ചിന്താർഹമായ ഒരു കാര്യമാണു്. ബർട്രൻഡ് റസ്സൽ ബ്രേഡ്‌ലോ തുടങ്ങിയ നിരീശ്വരവാദികളുടെ സ്വഭാവഃഗുണത്തേയും ധിഷണാവൈശിഷ്ട്യത്തെയും ലോകോപകാരക പ്രവൃത്തികളേയും ഗാന്ധിജി ബഹുമാനിച്ചഭിനന്ദിച്ചിരുന്നു. ഗാന്ധിജി വളരെ ആദരിച്ച മറെറാരു വ്യക്തിയാണു് നൂറുവയസ്സും തികഞ്ഞു് ഇന്നും ബുദ്ധ്യുന്മേഷശാലിയായി ജീവിച്ചിരിക്കുന്ന ആചാര്യ ഡി. കെ. കാർവെ. ഗാന്ധിജിയെക്കാൾ മുൻപേ ജനിച്ചു് അദ്ദേഹത്തിന്റെ

---

സ്സുകാരൻ അമേരിക്കൻ, മേലധികാരത്തിൽ നിന്നു് വിധി സ്ഥിരപ്പെടുത്തുംവരെ ജെയിലിൽ പാർക്കുമ്പോൾ കൊണ്ടുപിടിച്ചു് നിയമപുസ്തകങ്ങൾ പഠിച്ചു് അപ്പീലിൽ സ്വന്തം ഭാഗം വാദിച്ചു് ശിക്ഷാകാലാവധിയെ നീട്ടിച്ചു നീട്ടിച്ചു് 12 വർഷങ്ങൾ താണ്ടി. അങ്ങനെ അയാൾ 9 തവണ തന്നെ അണഞ്ഞ മരണത്തീയതികളെ തരണം ചെയ്തു. മരണവുമായിട്ടുള്ള ആ ഒളിച്ചുകളികൾക്കിടയിലാണു് അയാൾ വെറും തമാശയായിട്ടു് ചുടുചുടങ്ങനെ വിററഴിഞ്ഞ രണ്ടു് നല്ല "ത്രില്ലർ" നോവലുകൾ എഴുതി പ്രസിദ്ധപ്പെടുത്തിയതു്. (വ്യക്തിസ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗമായ അമേരിക്കൻ ഐക്യനാടുകളിൽ ഇങ്ങനത്ത എത്ര വൈചിത്ര്യങ്ങൾ നടക്കുന്നു! (അസാമാന്യബുദ്ധിശാലിയായ ആ കുററവാളി ഒടുക്കം—അതും ഒരു വിധിവൈപരീത്യത്താൽ —1960, മേയ് ആദ്യവാരത്തിൽ സ്ഥിരപ്പെടുത്തിയ വധശിക്ഷക്കു് വിധേയനായി. വിഷവാതകത്താൽ മൃതിയേകുന്ന ചേയ്ംബറിലേക്കു് ചെസ്മെൻ ആനയിക്കപ്പെട്ടു. തന്നെ കൊല്ലാൻ കൊണ്ടുപോകുന്നതിന്റെ തലേന്നാളാണു് ചെസ്മെൻ തുറുങ്കിൽ സ്വസ്ഥനായിരുന്നു് തന്റെ അവസാനത്തെ ലേഖനം—ഓ! വല്ലാത്തൊരു സാഹിത്യകാരൻ!—പത്രത്തിലേക്കെഴുതി അയച്ചതു്. "വധശിക്ഷ—വ്യർത്ഥമായൊരു പ്രതികാരനടവടി" എന്നത്രേ ആ ലേഖനത്തിലെ പ്രതിപാദ്യം. ഒമ്പതുതവണ തന്നെ പുൽകാനണഞ്ഞ മരണത്തെ സ്വവാഗ്വൈദഗ്ധ്യത്താൽ—നചികേതസ്സിന്റേയോ ദേവി സാവിത്രിയുടെയോ സൽബുദ്ധികൂടി ഈ ചെസ്മന്നുണ്ടായിരുന്നുവെങ്കിലേയ്!—തടഞ്ഞു നിർത്തിയ ആ വധവിധേയൻ, അവസാനം മൃത്യുവിന്റെ ദീർഘബാഹുക്കൾ സ്വഗളത്തെ വലയംചെയ്തു എന്നായപ്പോഴും തളരാതെ, പതറാതെ, പടിഞ്ഞിരുന്നു് ഒരു ലേഖനമെഴുതുകയാണുണ്ടായതു്.– "തന്റെ ശവം യാതൊരു മതപരമായ ചടങ്ങുകളും കൂടാതെ ചുട്ടു് ചാമ്പലാക്കണം. ആദ്യംമുതൽക്കേ നാസ്തികനായിരുന്ന താൻ മരണത്തിന്റെ തലേന്നാൾ മതം മാറുന്നില്ല. മരിച്ചുവന്നു് പിന്നെ ഒരു ഭാവിപ്പിറവിയോ ജീവിതമോ ഒന്നുമില്ല. സി. ചെസ്മെൻ മറവിയുടെ ശൂന്യതയിൽ മാഞ്ഞുപോയി. ഭാഗ്യംകെട്ട ഒരു ജീവിതകഥയോർത്തു് സമുദായത്തിനു് ഇനി സ്വൈരക്കേടു വേണ്ടതില്ല." (ഇയ്യൊരു ശാസനം) അജാമിളന്റെ നാരായണാ എന്ന വി

സമകാലീനനായി പ്രവർത്തിച്ച് അദ്ദേഹത്തേയും അതിജീവിച്ചിരിക്കുന്ന ശ്രീ കാർവേ. പ്രായംകൊണ്ട് ഗാന്ധിയേക്കാൾ പഴമക്കാരനായിരുന്നെങ്കിലും ഉൽപതിഷ്ണുത്വത്തിൽ ആരിലും പിന്നോക്കമല്ലാത്ത ആ കർമ്മകുശലന്റെ വിധവാവിവാഹസാധൂകരണം സ്ത്രീജനവിദ്യാഭ്യാസപ്രചരണം അവശനാരീസമുദ്ധാരണം മുതലായ സുധീര പ്രയത്നങ്ങളേയും നിസ്വാർത്ഥവും നിർമ്മലവുമായ വ്യക്തിസ്വഭാവ ജീവിതത്തേയും ബഹുമാനിച്ച് "മഹർഷി" എന്നദ്ദേഹത്തെ അഭിവാദ്യം ചെയ്തു. അദ്ദേഹത്തിന്റെ നാട്ടുകാർ—ഗാന്ധിജിയെ "മഹാത്മ" എന്ന് കൊണ്ടാടിയ അതേ ഭാരതീയ ജനത, ജ്ഞാനവയോവൃദ്ധനായ ആചാര്യകാർവേ തന്റെ ആദർശവിശ്വാസപ്രമാണങ്ങളെ പുരസ്കരിച്ചെഴുതിയിരുന്ന ഒരു ലേഖനത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:— "....ഏതോ ഒരു അജ്ഞാതശക്തി എന്റെ ജീവിതയാത്രയെ നയിച്ചുകൊണ്ടിരുന്നു എന്ന് തോന്നിയേക്കാം....എന്നിരുന്നാലും ദൈവമെന്ന ഒരു വ്യക്തി ഈ പ്രപഞ്ചം മുഴുവനും നിറഞ്ഞിരിക്കുന്ന ജീവരാശികളിൽ താല്പര്യം പ്രദർശിപ്പിക്കുകയും അവയുടെ പ്രവർത്തനങ്ങളെ നയിക്കുകയും അവയുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു എന്ന അഭിപ്രായവുമായി യോജിച്ചുപോകു

---

ളിപോലെ, പാതകകാരിയായ ചെസ്മെന്ന് ഉത്താരകമാവില്ലേ? രസാത്മക സാഹിത്യത്തിന്ന് അങ്ങനെയൊരു സമുദ്ധാരണശക്തിയില്ലേ?) ഏതായാലും അങ്ങനെയാണാകുററവാളി സാഹിത്യകാരന്റെ അന്ത്യസന്ദേശം. തന്റെ യൗവ്വന സുഭഗത്വത്തിൽ താൻ യഥേച്ഛം നടത്തിയ നിഷ്ഠുരനികൃഷ്ടകൃത്യങ്ങൾക്ക് ശിക്ഷയായി വിധിക്കപ്പെട്ട മരണത്തെ എതിർത്തും കബളിപ്പിച്ചും കൊണ്ട് പന്ത്രണ്ടുകൊല്ലം ജെയിലിൽ കാത്തുകിടന്ന ആ മനുഷ്യൻ താൻ ചാവാൻ ഭാവിക്കുന്നതിന്ന് തലേരാത്രിയിൽ—പാപപുണ്യചിന്താകുലരായ ഈശ്വരഭീരുക്കൾ "കാളരാത്രി"യായിക്കഴിച്ചുകൂട്ടുമാറുള്ള ആ വേളയിൽ—അപ്രകാരം സാവധാനം തന്റെ അന്ത്യസന്ദേശം എഴുതിക്കൊടുക്കുകയാണുണ്ടായതു്. ഒരു "മന്ദഹാസ"ത്തോടുകൂടിയാണ്—പത്രറിപ്പോർട്ട് പറയുന്നു—സി. ചെസ്മെൻ തന്റെ മരണമുറിയായ വിഷവാതക ചേയ്ംബറിലേക്ക് നടന്നതു്—(നവോഢയായ കാന്തയുടെ മണിയറയിലേക്ക് സകൗതുകം ചെല്ലുന്ന പുതുമണവാളനെന്നപോലെ!)

ചന്ദ്രനെച്ചെന്ന് ചുംബിക്കുന്ന റോക്കിററ് പ്രയോഗിക്കുമാറായതും, സൂര്യനെ വലംവെക്കുന്ന "ഉപഗ്രഹം" നിർമ്മിച്ച് വിടാറായതും, കണ്ണടച്ച് മിഴിക്കുമ്പോഴേക്കും അമേരിക്കയെപ്പോലുള്ള ഒരു വൻകര മുഴുവൻ ചുട്ടെരിക്കുവാൻ കെൽപുള്ള "മിസ്സൈ"ലുകൾ കൈയ്യാളുമാറായതും, അതോടൊപ്പം തന്റെ സാമ്രാജ്യത്തെ ഇനി എന്നെന്നേക്കുമായി സമ്പൽസുഖസമൃദ്ധമാക്കിയിട്ടുണ്ടെന്നതും എല്ലാം തങ്ങളുടെ നിരീശ്വരമായ കോമ്മ്യൂണിസത്തിന്റെ അനന്യസാമാന്യമായ വൈശിഷ്ട്യത്തിനുള്ള അനപലപനീയമായ തെളിവുകളാണെന്ന് നി. ക്രൂഷ്ച്ചെവ് വാദിച്ചു. താൻ മരണശിക്ഷക്ക് മുദ്രകുത്ത

വാൻ എനിക്കു് കഴിയുന്നില്ല...അതേ അവസരത്തിൽത്തന്നെ മനുഷ്യന്റെ വ്യക്തിപരമായ പ്രവർത്തനങ്ങൾ വളരെ ദുർബ്ബലമാണെന്നും സ്വപ്രയത്നം കൊണ്ടുമാത്രം അവനൊന്നും നേടാൻ സാധിക്കുകയില്ലെന്നും എനിക്കു് ബോധ്യമുണ്ടു്. അതുകൊണ്ടു് എന്റെ ജീവിതം ആനന്ദകരവും വിജയപ്രദവുമാക്കിത്തീർക്കുവാൻ എനിക്കു് സഹായം നൽകിയ ദൃശ്യവും അദൃശ്യവുമായ എല്ലാ ഹസ്തങ്ങളോടും ഞാൻ എന്നുമെന്നും കൃതജ്ഞനാണു്." (ഡോക്ടർ സി. കെ. കാർവേയുടെ "ജീവിതം—എന്റെ നോട്ടത്തിൽ"—മാതൃഭൂമി വാരാന്തപ്പതിപ്പു്, 1960 മേയ്.) ബൃഹസ്പതി സദൃശനായ ആ വൃദ്ധ ആചാര്യന്റെ പ്രസ്തുത പ്രഖ്യാപനം തനി നിരീശ്വരവാദമല്ലായിരിക്കാം. എന്തെന്നാൽ അദ്ദേഹം "ദൈവം എന്ന ഒരു വ്യക്തി"യിൽ അവിശ്വാസം പ്രകടിപ്പിക്കുന്നുവെങ്കിലും "ഏതോ അജ്ഞതശക്തി"-- "ദൃശ്യവും അദൃശ്യവുമായ ചില ഹസ്തങ്ങൾ"—തന്റെ എന്നപോലെ മറ്റേവരുടേയും ജീവിതത്തെ "വിജയപ്രദവും ആനന്ദകര"വുമാക്കാൻ സഹായിക്കുന്നുണ്ടെന്നു് കരുതുകയും, തന്മൂലം ദുർബ്ബലനായ മനുഷ്യൻ വിനയം കൃതജ്ഞത തുടങ്ങിയ ധാർമ്മികമൂല്യങ്ങളെ അംഗീകരിക്കേണ്ടതാണു് എന്നു് സൂചിപ്പിക്കുകയും ചെയ്യുന്നുണ്ടല്ലോ.

എന്നാൽ തനി ഭൗതികയുക്തിവാദികൾക്കു് ഈശ്വരവിശ്വാസം ഒരു മൂഢവിശ്വാസമാണെന്നു് കരുതാതിരിപ്പാൻ പ്രയാസമാണു്—ഒരു പക്ഷെ അവരിൽ നല്ലവർ മര്യാദ വിചാരിച്ചു് അങ്ങനെ പ്രത്യക്ഷത്തിൽ ഹസിച്ചു പറഞ്ഞില്ലെങ്കിലും, നേരെമറിച്ചു് യഥാർത്ഥ ഈശ്വരവിശ്വാസിക്കു് മറ്റൊരാളുടെ ആത്മാർത്ഥമായ നാസ്തിക മനസ്ഥിതിയെപ്പോലും "ഓ ശരിയാണതു്" എന്നു് സമാദരിക്കുവാൻ സാധിക്കും—സ്വന്തം ഈശ്വരവിശ്വാസത്തെ ബലികഴിക്കാതെതന്നെ സർവ്വരുടേയും ആന്തരവിശ്വാസപ്രമാണങ്ങളോടു് സഹിഷ്ണുത മാത്രമല്ല ബഹുമാനംപോലും സ്വയമേവ തോന്നുക:

---

പ്പെട്ടു് ഒരു തടവുപുള്ളിയായിക്കിടക്കുമ്പോൾ, സംസ്കാരമാന്യതയുള്ള സഹൃദയലോകത്തിന്റെ ധന്യവാദങ്ങൾക്കു് പാത്രമാകുംവിധം അരിന്നു് രണ്ടു് നോവൽകൃതികൾ സമ്മാനിക്കാൻ തനിക്കു് കഴിഞ്ഞു എന്നതു് ബഹുമാന്യലോകരുടെ സദാചാരക്കെനങ്ങളേക്കാൾ തന്റെ സ്വച്ഛന്ദവൃത്തിക്കു് മേന്മ കൂട്ടുന്നു എന്നുള്ളതിന്നുള്ള തെളിവാണു് എന്നു് സി. ചെസ്‌മെന്നും വാദിച്ചുകൂടെ? ലോകസമാധാന പ്രത്യാശകൾ തകരുന്നതു് കണ്ടുകൊണ്ടും മുൻചൊന്ന നി. ക്രൂഷ്‌ച്ചേവ്, ഈശ്വരവിശ്വാസികളുടെ വ്യർത്ഥമായ പ്രാർത്ഥനാശീലത്തെക്കുറിച്ചു് പ്രകടിപ്പിച്ച ആ "ഹാസ്യം" കോമ്യൂണിസ്റ്റ് പുരുഷപ്രയത്നത്തിന്റെ ഈശ്വരനൈരപേക്ഷ്യത്തെയാണു് പ്രഖ്യാപിക്കുന്നതു് എങ്കിൽ, പശ്ചാത്താപഭീരുവായ ഈശ്വരവിശ്വാസത്തിന്മേൽ നിരീശ്വരനാസ്തിക നിർഭയതക്കുള്ള വിജയപതാക പറപ്പിക്കലാണു് പ്രസ്തുത സി. ചെസ്‌മെൻ—ടെ മൃത്യുസമ്മുഖമായ "മന്ദഹാസം" കുറിക്കുന്നതു് എന്നും എന്തുകൊണ്ടു് പറഞ്ഞുകൂടാ?

തന്മൂലം എല്ലാ മതക്കാരോടും തരക്കാരോടും കൂടിക്കഴിയുവാൻ സന്മനസ്സും കഴിവുമുണ്ടാവുക:—ഈശ്വരവിശ്വാസിയുടെ ഒരു മേന്മ—അഥവാ അങ്ങനെ പറയേണ്ടെങ്കിൽ, ഒരു നന്മ—ഈ സ്വഭാവവൈശിഷ്ട്യമാണു്.

ആത്മാർത്ഥമെങ്കിൽ ആരുടേയും എന്തു് വിശ്വാസവും—അതു് തന്റെ മുഖ്യാലംബത്തെതന്നെ വിധ്വംസിക്കുന്ന ഈശ്വരനിഷേധകവാദമായാലും കൂടി—സമ്മതിക്കുവാനും സമ്മാനിക്കുവാനും ഈശ്വരവിശ്വാസി തയ്യാറാകുന്നതെന്തുകൊണ്ടാണു്? അതയാൾക്കു് സാദ്ധ്യമാകുന്നതെങ്ങനെ? ഇതും മറ്റെന്തും സാദ്ധ്യമാക്കുന്ന ഒരു പരമരഹസ്യമുണ്ടു്. അതു് പരസ്യമാണെങ്കിലും യഥാർത്ഥ ഈശ്വരവിശ്വാസിക്കു് മാത്രമേ അതു് ഗ്രാഹ്യമാവുന്നുള്ളു. ഈ “പരമംഗുഹ്യം അദ്ധ്യാത്മസംജ്ഞിതം” മനസ്സിലാകുവാൻ ഈശ്വരവിശ്വാസത്തിന്റെ നാനാവശങ്ങളെ പഠിക്കേണ്ടിയിരിക്കുന്നു.

“ദൈവമെന്ന ഒരു വ്യക്തി”യുടെ അസ്തിത്വത്തെ സമ്മതിക്കുവാൻ മനസ്സുവരുന്നില്ലെങ്കിലും എന്തോ ഒരു “അജ്ഞാതശക്തി” നമ്മെ എല്ലാവരേയും തുണച്ചുകൊണ്ടിരിക്കുന്നുണ്ടെന്നു് ബോധിക്കുവാൻ വിരോധമില്ലാത്ത പല നല്ല ആളുകളുണ്ടെന്നു് കണ്ടുവല്ലോ. ശതായുഷ്മാനായി ഇന്നും വിജയിക്കുന്ന മഹർഷി കാർവേയെ അതിന്നാണു് ഉദാഹരിച്ചതു്. എന്നാൽ നമുക്കിവിടെ പഠനീയം ഈശ്വരവിശ്വാസമാകയാൽ അതിനുത്തമ ഉദാഹരണമായ മഹാത്മാഗാന്ധിയുടെ വാക്കുകളും പ്രവൃത്തികളും ശ്രദ്ധാപൂർവ്വം നിരൂപണം ചെയ്യാം.

ഈശ്വരനിരാസകന്മാർപോലും അവനവന്റെ സത്തയെ നിഷേധിക്കുന്നില്ല. അതു് നിസ്തർക്കമായൊരു വാസ്തവമായിക്കരുതുന്നു. അതിനാൽ ഗാന്ധിജി ചൂണ്ടിക്കാട്ടുകയാണു്: “സത്യത്തിന്റെ ആവശ്യവും ശക്തിയും അവർക്കും (നിരീശ്വരവാദികൾക്കും) സമ്മതമാണു്. സത്യത്തെ—പരമാർത്ഥത്തെ—കണ്ടുപിടിക്കുവാനുള്ള ഉദഗ്രവ്യഗ്രതയിൽ ഈശ്വരാസ്തിത്വത്തെപ്പോലുംനിഷേധിക്കുകയാണവർ ചെയ്യുന്നതു്. അവരുടെ വീക്ഷണപ്രകാരം അതു് ശരിയുമാണു്. അതിനാൽ “ദൈവം സത്യസ്വരൂപൻ” എന്നു് ചൊല്ലുന്നതിന്നു് പകരം “സത്യം തന്നെ ദൈവം” എന്നു് നിർവ്വചിക്കുകയാണു് അധികം നല്ലതു് എന്നെനിക്കു് ബോധപ്പെട്ടിരിക്കുന്നു.” ഗാന്ധിജി തുടന്നു് പറയുകയാണു്: ഈശ്വരൻ എന്ന പേർ കൊണ്ടാടുവാൻ നിങ്ങൾക്കു് വൈമനസ്യമാണു്. പക്ഷേ നിങ്ങൾ അതിന്നുപകരം മറ്റൊരു പദം എടുത്തു് വ്യവഹരിക്കുന്നു. കലാശത്തിൽ അതും ഈശ്വരൻതന്നെ എന്നു് തെളിയും. എന്തെന്നാൽ, ഭാഗ്യവശാൽ, ഈശ്വരനെന്നിയേ മറ്റാരും മറ്റൊന്നും തന്നെയില്ല ഈ വിശ്വമാകെ” വേറൊരവസരത്തിൽ, “ഈശ്വരനെ മുഖത്തോടുമുഖം കാണുമാറാക്കുന്ന ഒരു ദിവ്യചരിത്രം” എന്നു് വിശേഷിപ്പിച്ചുകൊണ്ടു് ശ്രീരാമകൃഷ്ണപരമഹംസ ചരിതത്തിന്നു് എഴുതിക്കൊടുത്ത മുഖവുരയിൽ ഗാന്ധിജി പറയുന്നു: “ദൈവം മാത്രമേ വാസ്തവമായിട്ടുള്ളു. മറ്റെല്ലാം മിഥ്യാധാരണയാണു്. ശ്രീരാമകൃഷ്ണന്റെ ജീവിതം ഈ പരമാർത്ഥം ദ

ഷ്ടാന്തപ്പെടുത്തുന്നു." അങ്ങനെ ഗാന്ധിജിയുടെ നിർവ്വചനപ്രകാരം സത്യമെന്നതാണു് ഈശ്വരൻ എന്നും, ഈ ഏക ഈശ്വരൻ അഥവാ അദ്വൈത സത്യം അല്ലാതെ ഇതരമൊന്നില്ലെന്നും സിദ്ധം. അപ്പോൾ നമുക്കിവിടെ എപ്പോഴുമനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന—നമ്മുടെ സുഖദുഃഖവൈവിധ്യങ്ങൾക്കാസ്പദമായ, എണ്ണമററ നാമരൂപഭാവങ്ങളോടുകൂടിയ—ഈ ലോകം ഇല്ലാത്തതാണെന്നോ? അല്ല, ഈ ലോകമുണ്ടു്. പക്ഷെ നാനാത്വങ്ങളോടുകൂടിയ ഇതിന്നു് ശാശ്വതത്വമില്ലെന്നു് സ്പഷ്ടം. താൽക്കാലിക വാസ്തവങ്ങളായ ഇവയുടേയും സദ്ഭാവം പര്യവസാനത്തിൽ ഒരേ ഒരു വാസ്തവത്തിൽ—ഈശ്വരനിൽ ആണെന്നു് കാണാം. അതാവാം ഗാന്ധിജിയുടെ ആശയം.

സ്വാനുഭവത്തിൽ നിന്നാണു് മഹാത്മാവു് അങ്ങനെ അഭിപ്രായപ്പെട്ടതു് എങ്കിലും ആ ആശയം അദ്ദേഹത്തിന്റെ പുതിയൊരു നിർമ്മിതിയല്ല. എങ്കിലതിന്നു് നിത്യവാസ്തവമൂല്യം ഉണ്ടാവാൻ തരമില്ല. അതൊരു പ്രത്യേക വ്യക്തിയുടെ ഒരു സവിശേഷ കാലാവസ്ഥയിലെ വാസ്തവം മാത്രമെ ആവുകയുള്ളു.

അനാദിയും അനന്തവുമായ, ആദികാരണമായ, ഏകപരമാർത്ഥവാസ്തവത്തെ—ബ്രഹ്മതത്വത്തെ—നിർദ്ദേശിക്കുന്ന അപൌരുഷേയ സനാതന ദിവ്യമന്ത്രങ്ങൾ, മാനവചരിത്രത്തിന്റെ ഒരു ഉഷഃകാന്തിയിൽ ഉണർന്നവരായ ഏതാനും ഋഷികളുടെ തെളിഞ്ഞ ദൃഷ്ടികൾക്കു് ദൃശ്യമായി. അവരുടെ ഭാവവിശുദ്ധമായ ഹൃദയത്തിൽ എതച്ഛബ്ദങ്ങൾ ശ്രുതങ്ങളായി. അതത്രേ ഋഗാദിവേദങ്ങൾ. "ഓം തത്സത്" എന്നാണു് വേദത്തിലെ ആദ്യാവസാന മഹാമന്ത്രം. അതു്—ബ്രഹ്മം—ഈശ്വരൻ സത്യം" എന്നാണാമന്ത്രത്തിന്നർത്ഥം. മുഖ്യമായ മറെറാരു ഋക്കാണു്: "....ഏകംസത്; വിപ്രാ ബഹുധാ വദന്തി...." എന്നതു്. "സത്യമെന്നതു് ഒന്നു്; അതിനെ ബഹുവിധമായി വ്യവഹരിക്കുന്നു വിദ്വാന്മാർ" എന്നാണതിന്റെ സാരം. വിശ്വത്തിന്റെ നിദാനത്തേയും അതിന്റെ പരംനിദാനത്തേയും ഓതപ്രോത സദൃശം ഉൾക്കൊള്ളുന്ന മഹദർത്ഥപദദ്വന്ദ്വമാണു് ഋഗ്വേദർഷിയുടെ "സത്യം—ഋതം" എന്നു് വേദാർത്ഥസാധകനായിരുന്ന യോഗിവര്യൻ ശ്രീ അരവിന്ദോ ഘോഷിച്ചിട്ടുണ്ടു്. വേദശിരസ്സായ ഉപനിഷത്തിന്റെ ഉദ്ഗീരണം കേൾക്കുക: "സദേവ സോമ്യേദമഗ്ര ആസീദേക മദ്വിതീയം" (ഛാന്ദോഗ്യം.) സത്യസ്യ സത്യമിതി; പ്രാണാവൈസത്യം തേഷാമേഷ സത്യം" (ബൃഹദാരണ്യകം) അതിൻ സാരമാവതു്: ആദിയിൽ അദ്വിതീയമായ സതു് ഒന്നുമാത്രം. സന്മാത്രമായ അതത്രേ ഇക്കാണാവുന്നവയുടെ വാസ്തവങ്ങൾക്കും വാസ്തവമായ പരമസത്യം.

ശ്രദ്ധാമാത്രശ്രാവ്യമായ ആ ആധാരശ്രുതിയിൽ നിന്നാണു് ശ്രീമദ്ഭാഗവതം ആരംഭിക്കുന്നതു്. "ജന്മാദ്യസ്യയതോ" എന്നങ്ങനെ ആധാരഷാഡ്ജം ധ്വനിപ്പിച്ചു്, "യത്രത്രിസർഗ്ഗോfമൃഷാ" എന്നു് പഞ്ചമത്തിലേക്കുയർന്നു് "ധാമ്നാസ്വേന സദാ നിരസ്ത കുഹകം സത്യം പരം, ധീമഹി" എന്നാശ്രു

തിയുടെ ഉച്ചസ്ഥായിയിലെത്തുന്ന ഭാഗവതപ്രഥമ ശ്ലോകം "സത്യം ജ്ഞാനമനന്തം ബ്രഹ്മ"ത്തിന്റെ ഒരു സമൃഗ് ദർശനത്താൽ ധ്യാനനിമഗ്നമായിപ്പോകുന്നു. തദ്ധ്യാനത്തിൽ നിന്നു് കണ്ണുമിഴിക്കുന്ന ഭാഗവതം പിന്നീടു് സർഗ്ഗവിസർഗ്ഗാദി നാനാത്വവർണ്ണനബഹുളമായ ഈശ്വരകഥാപ്രപഞ്ചത്തിന്റെ വർണ്ണന കീർത്തനാലാപനങ്ങളിൽ വ്യാപൃതമാകുന്നുവെങ്കിലും അതെല്ലാം മൂലാധാര ശ്രുതിയിൽനിന്നു് തെല്ലും പതറാതെയും തൽപരമദർശനത്തെ മറക്കാതെയുമാണെന്നു് "സത്യവ്രതം സത്യപരം ത്രിസത്യം സത്യസ്യയോനിം നിഹിതം ച സത്യേ; സത്യസ്യ സത്യാമൃത സത്യനേത്രം സത്യാത്മകം ത്വാം ശരണം പ്രപന്നാഃ" എന്നും "ഏകസ്ത്വമാത്മാ പുരുഷഃ പുരാണഃ സത്യഃ സ്വയംജ്യോതിരനന്ത ആദ്യഃ" എന്നും മററും ഇടക്കിടെയുള്ള അതിന്റെ അനുസ്മരണങ്ങൾ ശ്രുതിതന്ത്രികളുടെ രണനങ്ങളിൽ രജ്ജിച്ചു് കേൾക്കുന്നതിൽ നിന്നറിയാം.

ഈ ഉദാഹരണങ്ങളിൽനിന്നു് വ്യക്തമാകുന്നുണ്ടല്ലോ ഗാന്ധിജിയുടെ "സത്യംതന്നെ ദൈവം" എന്ന ആശയം ശ്രുതിസ്മൃതി സമ്മതമാണെന്നു്. ഇനി, ദൈവം മാത്രം സത്യം, മറെറല്ലാം മിഥ്യാധാരണ" എന്ന അദ്ദേഹത്തിന്റെ അഭിപ്രായമാകട്ടെ, "ഈശാവാസ്യ മിദം സർവ്വം യൽ കിഞ്ചജഗത്യാം ജഗൽ" എന്ന ഉപനിഷത്തിന്റേയും, "ബ്രഹ്മ സത്യം ജഗന്മിഥ്യാ" എന്ന അദ്വൈത ഡിംഡിമത്തിന്റേയും പ്രതിഫലനം തന്നെ എന്നും കാണാം. പക്ഷെ അതും അദ്ദേഹത്തിന്റെ സ്വാനുഭൂതി പ്രതിധ്വനിയാകയാൽ നമുക്കു് ഭൂയോപി ഉൽബോധകമായിരിക്കുന്നു.

ഇക്കാണുന്ന അവസാനമററ, നാനാത്വം മുററിയ, ചരാചരപ്രപഞ്ചത്തിന്നു് ആദിമൂലമായ ഒരേകപദാർത്ഥമുണ്ടാവാം — അതിനധീനമായ ന്യൂക്ലിയർ സയൻസ് അങ്ങനെ ഒരാത്യന്തിക വസ്തുവിനേയോ (അതു് സൂക്ഷ്മാൽ സൂക്ഷ്മതരമാണു്) ഓജശ്ശക്തിയേയോ സിദ്ധാന്തിക്കുന്നുണ്ടല്ലോ. അനവരതം പരിവർത്തിതങ്ങളാകുന്ന നിരവധി ബഹുവിധ ഘടകങ്ങളോടു് കൂടിയതെങ്കിലും ഈ പ്രപഞ്ചം ആകമാനം ഒരേകതാനതയിൽ (യൂനിവേർസ്) നിലനിന്നുകാണുന്നതിനാൽ ഇതിന്റെ ആ ഏകമൂലവസ്തു (അഥവാ ശക്തി) തന്നെ പര്യവസാനത്തിലും അവിനാശിയായി നിലനില്ക്കുന്നതാണെന്നു് നിശ്ചയിക്കാം. അങ്ങനത്തെ ഒരു ശാശ്വത സത്യവസ്തുവിന്റെ, അഥവാ അമൂർത്ത ഓജശ്ശക്തിയുടെ, അസ്തിത്വത്തെ അംഗീകരിപ്പാൻ — സയൻസിനോടു് നന്ദിപറയട്ടെ — ഏതൊരു കടുത്ത നിരീശ്വരവാദിക്കും ഇന്നു് വിരോധമുണ്ടാവില്ല. തനി ഭൌതികവാദികൾക്കും അനാദ്യന്തമായ ഒരു വാസ്തവികതയെ അവലംബിക്കാതിരിപ്പാൻ സാദ്ധ്യമല്ല. ആധുനാതന ഫിസിക്സ് ശാസ്ത്രജ്ഞരിൽ പ്രമുഖനായ പ്ലേങ്ക് പറയുന്നു: "നമ്മുടെ ബുദ്ധി നമ്മോടു് പറയുന്നതെന്തെന്നാൽ മനുഷ്യവ്യക്തികളഖിലരും മനുഷ്യസമഷ്ടി മുഴുവനും എന്നുതന്നെയല്ല നമ്മുടെ ഇന്ദ്രിയങ്ങൾ വഴിയായി നമുക്കറിയാവുന്ന വിശ്വമാകമാനവും ഒക്കെക്കൂടിയാലും പ്രകൃതിയുടെ അപാരതയിൽ ഒരംശലേശം മാത്രമാണു്,

എന്നത്രെ. അനന്തപ്രകൃതിയുടെ പ്രവർത്തന നിയമങ്ങൾ മനുഷ്യമസ്തിഷ്ക്കത്തിന്റെ പ്രഭാവങ്ങളാൽ തീരെ അബാധിതങ്ങളാണു്. പ്രത്യുത, അനാദിപ്രകൃതിനിയമങ്ങൾ, ഈ ഭൂമുഖത്തു് ജീവന്റെ ആവിർഭാവത്തിന്നും പൂർവ്വതരമായി വർത്തിക്കുന്നവയാണു്. അവസാനം ഭൂമുഖത്തുനിന്നു് ഒടുക്കത്തെ ഫിസിക്സ് വൈജ്ഞാനികന്റെ തിരോഭാവത്തിന്നുശേഷവും ആ അബാധിത പ്രകൃതി തത്വങ്ങൾ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യും.”

അപ്രകാരം ബുദ്ധിയുക്തരായ എല്ലാത്തരക്കാർക്കും സമ്മതമാവുന്ന ആദ്യാവസാന വാസ്തവം, സത്യവസ്തു, എന്തോ, അതു് അഖണ്ഡബോധവും മഹദ്ധീയും അക്ഷയവിഭൂതിയും അപാരകൃപയും കൂടിയാണു് എന്നേ ഈശ്വരവിശ്വാസി വിശേഷിപ്പിക്കുന്നുള്ളു. അവനവന്റെയും മററുള്ളവരുടേയും ഉണർവുകളേയും കഴിവുകളേയും ഉൾപ്രേരണകളേയും യുക്തിപൂർവ്വം ഓർത്തറിഞ്ഞു് ഉളവാകുന്ന ഒരു ഉൽബുദ്ധതയാണു് ഈശ്വരവിശ്വാസം. അപ്രകാരം ഉള്ളുണർന്നവരായ ഈശ്വരവിശ്വാസിക്കു് ഇനി ഉലകിലുള്ള നിഖിലരും നിരീശ്വരരോ നാസ്തികരോ ശൂന്യവാദികളോ ആയി മാറിയാലും വേണ്ടില്ല അവരാരോടും ഒരു ദ്വേഷവും തോന്നുകയില്ല. ലോകമാകെത്തുലഞ്ഞാലും തനിക്കൊരു ദോഷവും വരാനില്ല. അവസാനംവരെ ഏവരോടും മൈത്രിയിൽ വർത്തിക്കുവാനും, പോര, “സർവ്വഭൂത ഹിതേരത”നായി പ്രവർത്തിച്ചുകൊണ്ടു് കഴിയുവാനും ഇത്തരം ഉത്തമ ഈശ്വരവിശ്വാസിക്കു്—അഥവാ ഈ പ്രബുദ്ധ ഈശ്വരവിശ്വാസിക്കു് മാത്രം—സാധിക്കുന്നതാണു്.

അങ്ങിനത്തെ ഒരു ഉത്തമ ഈശ്വരവിശ്വാസിയായിരുന്ന ഗാന്ധിജി അദ്ദേഹം തെളിയിച്ച ചിന്താപഥം തന്നെ നമുക്കു് സാദരം പിൻതുടരാം.

(തുടരും)

N. B. മൂന്നാലു് ലക്കംകൊണ്ടു് മാത്രം അവസാനിക്കാവുന്നതായ ഈ പ്രൗഢലേഖനം ഏവരും മനസ്സുവെച്ചു് വായിച്ചു് പഠിക്കേണ്ട ഒന്നാണു്. ആയതു് അവർക്കു് ഒരു വലിയ നേട്ടമായിരിക്കും. പ.

# നാരായണീയം

എ. ആർ. മേനോൻ

## 69-ാം ദശകം

1 പീലിയുണ്ടു മുടിമേൽ വിലോലമണികുണ്ഡലങ്ങളഥ കാതിലും
മുത്തുമാല വനമാലയും സുരഭിചന്ദനങ്ങൾ വിരിമാറിലും
പീതവസ്ത്രവുമതിന്നുമേൽ കനകകാഞ്ചി, കാൽതളകളീവിധം
രാസലീലയതിന്നുററ നിൻെറ ശുഭവിഗ്രഹത്തിനു നമിപ്പു ഞാൻ

2 മാർവ്വിടത്തിൽ മൃദുകഞ്ചുകം കവിളിലാടിടുന്ന മണികുണ്ഡലം
ചാർത്തി ഗോകുലകുമാരിമാർ തദനുമണ്ഡലാകൃതിയിൽ നില്ക്കവേ
രണ്ടുപേർക്കിടയിലേകനെന്ന വിധമെങ്ങുമങ്ങു ബഹുരൂപനായ്
സഞ്ചരിച്ചവിടെ രാസലീലയെ സുപുഷ്ടമാക്കി കമലാപതേ!

3 രാസകേളിരസവൈഭവത്തെയകലത്തിൽ നാരദനുരക്കവേ
കൌതുകത്തൊടു നിലിമ്പർ കേട്ടുടനെയൊത്തുചേർന്നു ഗഗനോപരി
വേഷഭൂഷയണി പേശലാകൃതികളപ്സരസ്സുകളുമാദരാൽ
ഭാവഹാസമൊടു ചുററിനിന്നിതു മനോഹരാംഗികളനേകമായ്

4 വേണുവിൻ സ്വരമതിന്നു ചേർന്ന കളഗാനവും വിവിധരാഗവും
കൊണ്ടിണങ്ങിയ ചവിട്ടുതാളമതു കൊണ്ടു പാരമഹിമോജ്വലം
ശ്രോണിതന്നിലുലയുന്നൊരാടകളുമങ്ങുമിങ്ങുമഥ ഛോരംകളിൽ
ചേർത്ത കാപ്പണിഭുജങ്ങളും കലരുമുത്സവത്തിനെ ഭജിക്കുവിൻ

5. വല്ലവീനികരശിങ്കിടിക്കനുസരിച്ച നാദമതിമോഹനം
കോമളാംഗചലനങ്ങളാലഴകിലാടിഭൂഷസുമമാല്യവും
തുഷ്ടിപൂണ്ടു കുസുമം ചൊരിഞ്ഞു ദിവിപത്നിമാരൊടു സുരാദികൾ
ചിന്മയത്വയിലയിച്ചപോലെയവർ ചേഷ്ടയററു നിലവായിപോൽ

6 സ്വിന്നഗാത്രിയൊരു ഗോപികാമണി തളർന്നു കണ്ണുകളടഞ്ഞവൾ
കാന്തമായ തിരുമേനിതൻ ചുമലിൽ ചാഞ്ഞു നിന്നു വരവർണ്ണിനി
വേറൊരുത്തി പുതുചന്ദനാഗരുവണിഞ്ഞ മേനിയെ മണക്കവാ-
നെന്നപോൽ തവ കരം മുകർന്നു പുളകാംഗിയായ് ചലിതകുന്തളാ

7 കുണ്ഡലാദികളണിഞ്ഞൊരുത്തി തവ ഗണ്ഡസീമനി കവിൾത്തടം
വെച്ചണച്ചു തവ ചർവ്വണാമൃതു കുടിച്ചു പുണ്യനിധി സാദരം
ലോകസുന്ദര! രമക്കു കേളീഗൃഹമായ നിന്നെ ലളിതാംഗിമാർ
നൃത്തമദ്ധ്യമതിലാന്നു മോദമേദമെന്നിതൊക്കെയു മടഞ്ഞുപോൽ

8 പാട്ടുനിന്നു, പണവാദിവാദ്യവുമടങ്ങി, യംഗനകൾ മാത്രമീ
ബ്രഹ്മസൌഖ്യരസമാസ്വാദിച്ചു മതിവിട്ടു തത്രവിഹരിച്ചുപോൽ
കഞ്ചുകം, മുടികൾ, നീവിയും പുനരഴിഞ്ഞതൊട്ടുമറിയാതെയായ്
സോമനും ദിവിയുവക്കളും ചലനമററുപോൽ പറവതെന്തിനി

9 മോദവായ്പിൽ ഭുവനത്തെമുക്കി, നടനത്തെയും നദനനിത്തിനീ,
ലീലകൊണ്ടഥ വിയത്തൊലിച്ചു സുഭഗാംഗിമാരുടെ കളേബരം
കാമപീഡസഹിയാത്തൊരീ വ്രജ വധൂക്കൾ ചെയ്തസുകൃതത്തിനാ-
ലത്രയും വടിവെടുത്തു നീയഥ നടത്തിമാരപരമോത്സവം

10 കേളികൊണ്ടു നിതരാം തളന്ന യുവതീജനത്തെ പരിലാളയൻ
കൊണ്ടുചെന്നു യമുനാജലത്തിൽ മതിപോൽക്കളിച്ചു സുമനോഹരം
മന്ദവായുവനപുഷ്പസൌരഭമണച്ചുകൊണ്ടു ബഹുശീതനായ്
വീശിടുന്ന ഗഹനത്തിലും തരുണിമോഹനം കളിനടത്തിനീ

11 യോഗിലഭ്യപരിപൂർണ്ണസൌഖ്യമിടയത്തികൾക്കനുഭവിക്കുവാ-
നാക്കിരാത്രികളനേകമീനിലയിൽ പോക്കിനീ ഭുവനസുന്ദര!
ശങ്കരാദികളെ ഗോപിമാരിൽ ബഹുമാനമുള്ളവരുമാക്കിനീ
ഭക്തവൃന്ദസുഗമസ്വരൂപ! പരമേശ! കൃഷ്ണ! പരിപാഹിമാം.

— * —

## 70-ാം ദശകം

1 രസാകുലരാക്കിനീ രമണിമാരെലാളിക്കവേ
ഗിരീശനെ വണങ്ങുവാൻ പശുപർ നീങ്ങളെല്ലാവരും
ശിവാവനമണഞ്ഞുടൻ വിവിധ പൂജചെയ്തങ്ങതാ-
നുറങ്ങിയൊരു പാമ്പഹോ വ്രജവനേപ്പിടിച്ചു തദാ

2 അടിച്ചുവിറകാലവർ ഫണിവിടാഞ്ഞയാൽ ത്വൽപദേ
പതിച്ചു ഭൃശമാർത്തരായ് ശരണമാർന്നു ഭക്ത്യാപരം
ഭവാനുടനെവന്നതിൽ തനുവിലംഘ്രിയർപ്പിച്ചവാ-
ദരംഗതനുമാഞ്ഞുപോയവിടെ നിന്നു വിദ്യോതരൻ

3 മഹർഷികളെ നിന്ദനചെയ്തവർ ശപിച്ചു പാമ്പായഞാൻ
സുദർശനമിതാ ഭവച്ചരണമേൽകയാൽ പൂതനായ്
സ്തുതിച്ചവനുമീവിധം നിജപദം ഗമിച്ചീടവേ
വ്രജത്തെഭവദാദിയും പരിചൊടാർന്നു സംതൃപ്തരായ്

4 ഭവാൻ സഹജനും വധൂനിവഹമൊത്തുമേളിക്കവേ
ഹരിച്ചിതിവരെച്ഛലാൽ നിശയിൽ ശംഖചൂഡൻ ശഠൻ

ഭവാനുടനെ പിൻതുടൎന്നളവിൽ വിട്ടുപാഞ്ഞോരവൻ–
ശിരോമണിയറിഞ്ഞതഹോ ഫലധരന്നുനൽകീടുമോ

5 അനംഗമതിമോഹനൻ ലളിതവേണുഗാനോത്സുകൻ
സുരാംഗനകൾ കണ്ണുകൾക്കമൃതധാരതൂകും ഭവാൻ
സുഹൃജ്ജനവുമായ് ദിവാ വനതടേ കളിക്കുംവിധൌ
വിയോഗഭരമൂഢമാർ പലവിധം കരഞ്ഞൂ ഭൃശം

6 കംസഭൃത്യനൊരുനാളതി ധൃഷ്ടൻ
കാളതന്റെ വടിവാൎന്ന നിശാടൻ
ഭീഷണാകൃതി കഠോരനിനാദ–
നെത്തിനാൽ തവ സമീപമരിഷ്ടൻ

7 ക്രൂരനാമവനെ നോക്കുകിലാൎക്കും
വററിടും സകലധൈൎയ്യവുമപ്പോൾ
ഊററമോടു പശുവൃന്ദമിളക്കി
ക്കൂററനും തവ സമീപമണഞ്ഞു

8 നീണ്ടശൃഗമുന ചാച്ചതിവേഗം
ഭീതിയെന്ന്യരികത്തണയുമ്പോൾ
ഭദ്രനെങ്കിലുമഭദ്രനെ മൎദ്ദി–
ച്ചേകിമോദമമരൎക്കു ഭവാനും

9 ചിത്രമാണിതൊരു കാളയെ മൎദ്ദി–
ച്ചുൎവ്വിതന്നിലുരുധൎമ്മമുറച്ചു
ദേവദേവനു വളൎന്നിതുമോദ–
മെന്നുവാനവർ പുകഴ്ത്തി ഭവാനെ

10 കാളഘാതകനണഞ്ഞതു കാണ്മിൻ
പാഞ്ഞുപോകുക വൃക്ഷങ്ങളശേഷം
ഏവമോതിയ സുഹൃജ്ജനമൊത്തു
ഗോഷ്ഠമാൎന്ന പവനേശ്വര! പാഹി.

# 'ശ്രീരാമൻ'

## അഥവാ

# ഹൈന്ദവസംസ്കാരത്തിന്റെമൂത്തിമദ്ഭാവം

ആത്മാരാമൻ, കടമ്പനാൽ.

നമ്മുടെ പ്രാചീന ഇതിഹാസത്തിലേക്കൊന്നു് കണ്ണോടിച്ചാൽ, അവിടെ ധർമ്മാത്മാക്കളായ അസംഖ്യം ഋഷിമാരേയും, മഹർഷിമാരേയും, രാജർഷിമാരേയും കാണാം. അവരിൽ എല്ലാവരിലും വച്ച് സർവ്വശ്രേഷ്ഠവും, സർവ്വാരാദ്ധ്യവുമായ ഒരു സമുന്നതസ്ഥാനം സർവ്വഗുണസമ്പന്നനായ ശ്രീരാമനുണ്ടു്. വേദോപനിഷൽപുരാണേതിഹാസങ്ങളിൽക്കൂടി ധർമ്മത്തിന്റെ സ്വരൂപം നമുക്കെന്താണെന്നു് മനസ്സിലാക്കാൻ സാധിച്ചേക്കാം. എന്നാൽ, സനാതനമായ ആ ധർമ്മത്തിന്റെ സജീവരൂപം അഥവാ പ്രത്യക്ഷരൂപം നേരിൽക്കണ്ടു് മനസ്സിലാക്കണമെങ്കിൽ ശ്രീരാമന്റെ ജീവചരിത്രത്തിലേക്കൊന്നു് തിരിഞ്ഞുനോക്കിയാൽ മതി. ധർമ്മത്തിന്റെ പ്രായോഗിക വശങ്ങളെന്തെല്ലാമെന്നും, അവ ജീവിതത്തിൽ അനുഷ്ഠിക്കപ്പെടേണ്ടതെങ്ങിനെയെന്നും അദ്ദേഹത്തിന്റെ ദിനചര്യയിൽ നിന്നും നമുക്കു് മനസ്സിലാക്കാൻ കഴിയും. ചുരുക്കത്തിൽ, "രാമോവിഗ്രഹവാൻ ധർമ്മഃ"—രാമൻ ധർമ്മത്തിന്റെ സാക്ഷാൽ വിഗ്രഹമാണു്, മൂത്തിമൽസ്വരൂപമാണു്.

ശ്രീരാമന്റെ ഗുണഗണങ്ങൾ അനന്തവും, അസംഖ്യവുമാണു്; വിശിഷ്യ അവർണ്ണനീയവുമാണു്. സാക്ഷാൽ ഈശ്വരൻതന്നെയാണദ്ദേഹം. എന്നാൽ, അദ്ദേഹത്തിനു് താൻ ഈശ്വരനാണെന്നുള്ള അഭിമാനം അശേഷമുണ്ടായിരുന്നില്ല. ഒരു സാധാരണക്കാരന്റെ മട്ടിൽ അധർമ്മത്തെ ഭയപ്പെട്ടുകൊണ്ടും, ധാർമ്മിക മര്യാദയെ മാനിച്ചുകൊണ്ടും, അതിൽനിന്നു് ഒട്ടുംതന്നെ വ്യതിചലിക്കാതെയുമാണു് അദ്ദേഹം ജീവിച്ചതു്. അതുകൊണ്ടാണു്, ലോകം മുഴുവൻ "മര്യാദാപുരുഷോത്തമ"നായി അദ്ദേഹം അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തതു്. കോടിക്കണക്കിനു് രാമായണങ്ങളുണ്ടായിട്ടും, അതിലൊന്നിലുംതന്നെ ആ ഭഗവാന്റെ അപാരമായ മാഹാത്മ്യത്തെ പരിപൂർണ്ണമായി വിവരിക്കാൻ കഴിഞ്ഞിട്ടില്ല. വാത്മീകിയുടെ ഭാവനാസമ്പന്നമായ ആ ധാരായത്തിനുകൂടി പരിപാവനമായ രാമചരിതമെഴുതി സംതൃപ്തിപ്പെടാൻ സാധിച്ചിട്ടുണ്ടോ, എന്നു് സംശയമാണു്. അങ്ങിനെയിരിക്കെ, നിസ്സാരമായ എന്റെ ഈ തൂലികക്കു് അതിന്റെ ഒരംശംപോലും വരച്ചുകാട്ടാൻ സാമത്ഥ്യമുണ്ടെന്നു്, ഞാൻ സ്വപ്നേപി വിചാരിക്കുന്നില്ല എന്നിരുന്നാലും, സത്യസ്വരൂപനായ ആ ഭഗവാന്റെ അത്ഭുതലീലകളേയും അപദാനങ്ങളേയും പററി അല്പമെങ്കിലും പ്രതിപാദിക്കുന്നതുകൊണ്ടു് എന്റെ വാക്കും ചേതനയും ധന്യമാകുമല്ലോ, എന്നു് കരുതി ചിലതു് പറയാൻ മുതിരുകയാണു്.

ആദികവിയായ വാത്മീകിമഹർഷി ആദ്യമായി ഒരു മഹാകാവ്യമെഴുതണമെന്നു് വിചാരിച്ചു. അതിലെ നായകനായി സർവ്വഗുണസമ്പന്നനായ ഒരാളെ തെരഞ്ഞെടുക്കണമെന്നും, അയാൾ മാനവലോകത്തിന്നു് മാതൃകാപുരുഷനായിരിക്കണമെന്നും, ലോകരൊട്ടുക്കു് പ്രസിദ്ധനും, പ്രിയനുമായിരിക്കണമെന്നും, അയാളുടെ ജീവിതം സത്യത്തിന്റെയും, സദാചാരത്തിന്റെയും, ധർമ്മത്തിന്റെയും വിളനിലമായിരിക്കണമെന്നും ആലോചിച്ചുറച്ചു. എന്നുവേണ്ട, ലോകോത്തരങ്ങളായ സൽസ്വഭാവങ്ങളുടേയും, സൽഗുണങ്ങളുടേയും ഒരു പട്ടികതന്നെ വാത്മീകി തയ്യാറാക്കി. ആവക സ്വഭാവങ്ങളും ഗുണങ്ങളും തികഞ്ഞ ഒരു നായകനെ പററി അദ്ദേഹം ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ, അവിചാരിതമായി ഭാഗവതോത്തമനായ ശ്രീ നാരദൻ അവിടെ എത്തി. തേടിയ വള്ളി കാലൽച്ചുററി, എന്നു് പറഞ്ഞപോലെ ശ്രീ നാരദന്റെ ആഗമനം അദ്ദേഹത്തെ അത്യധികം സന്തോഷഭരിതനാക്കിയെന്നു് പറയണമെന്നില്ലല്ലോ. സ്വാഗതസൽക്കാരാദികളെല്ലാം വേണ്ടവിധം ചെയ്തിട്ടു്, വാത്മീകി നാരദനോടു് ചോദിച്ചു:—"മുനീന്ദ്ര! സകലവിധ സൽഗുണങ്ങളും തികഞ്ഞ ഏതെങ്കിലും ഒരു മഹാപുരുഷൻ അങ്ങയുടെ അറിവിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതാരാണു്? ഇതിന്നുത്തരമായി നാരദൻ ശ്രീരാമനെ പരിചയപ്പെടുത്തിക്കൊണ്ടു്, അദ്ദേഹത്തിന്റെ ഗുണഗണങ്ങളെപററി പ്രകീർത്തിച്ചു് പറഞ്ഞുകൊടുത്തു. വാത്മീകിയും നാരദനുമായുള്ള പ്രസ്തുത സംഭാഷണമാണു്, "രാമായണ"ത്തിന്റെ ബീജംതന്നെ. രാമായണം മുഴുവനും ശ്രീരാമന്റെ ലോകോത്തരഗുണങ്ങളേയും, അദ്ദേഹത്തിന്റെ ധാർമ്മികവ്യവഹാരങ്ങളേയും സംബന്ധിച്ചുള്ള വിസ്തൃത വിവരണങ്ങളാണു്. വാത്മീകിയുടെ ചോദ്യമെന്തെന്നു്, അദ്ദേഹത്തിന്റെ ഭാഷയിൽക്കൂടിതന്നെ നമുക്കു് നോക്കാം:—

കോന്വസ്മിൻ സാമ്പ്രതം ലോകേ
ഗുണവാൻ കശ്ച വീര്യവാൻ
ധർമ്മജ്ഞശ്ച കൃതജ്ഞശ്ച
സത്യവാക്യോ ദൃഢവ്രതഃ

ചാരിത്രേണ ച കോ യുക്തഃ
സർവ്വഭൂതേഷു കോ ഹിതഃ
വിദ്വാൻ കഃ കഃ സമർത്ഥശ്ച
കശ്ചൈകഃ പ്രിയദർശനഃ

ആത്മവാൻ കോ ജിതക്രോധോ
ദ്യുതിമാൻ കോഽനസൂയകഃ
കസ്യ ബിഭ്യതി ദേവാശ്ച
ജാതരോഷസ്യ സംയുഗേ.

24 SEP 1960

ഇതിന്നുത്തരമായി നാരദൻ പറയുകയാണു്:—

ഇക്ഷ്വാകുവംശപ്രഭവോ
രാമോ നാമ ജനൈഃ ശ്രുതഃ
നിയതാത്മാ മഹാവീര്യോ
ദ്യുതിമാൻ ധൃതിമാൻ വശീ.

ബുദ്ധിമാന്നീതിമാൻ വാഗ്മീ
ശ്രീമാൻ ശത്രുനിബർഹണഃ
വിപുലാംസോ മഹാബാഹുഃ
കംബുഗ്രീവോ മഹാഹനുഃ

മഹോരസ്സോ മഹേഷ്വാസോ
ഗൂഢജത്രുരരിന്ദമഃ
ആജാനുബാഹുഃ സുശിരഃ:
സുലലാടഃ സുവിക്രമഃ

സമഃ സമവിഭക്താംഗഃ
സ്നിഗ്ധവർണ്ണഃ പ്രതാപവാൻ
പീനവക്ഷാ വിശാലാക്ഷോ
ലക്ഷ്മീവാൻ ശുഭലക്ഷണഃ

ധർമ്മജ്ഞഃ സത്യസന്ധശ്ച
പ്രജാനാം ച ഹിതേരതഃ
യശസ്വീ ജ്ഞാനസമ്പന്നഃ
ശുചിർവ്വശ്യഃ സമാധിമാൻ.

എന്നിങ്ങനെ ശ്രീരാമന്റെ ഗുണഗണങ്ങളെപ്പററി നാരദമഹർഷി വളരെയധികം വിസ്തരിച്ചു് വിവരിക്കുന്നുണ്ടു്. വിസ്തരഭയത്താൽ ചിലതെല്ലാം മുകളിൽ ഉദ്ധരിച്ചുവെന്നേയുള്ളു. നാരദന്റെ പ്രസ്തുത അപ്രസ്തുത പ്രസ്താവനയിൽനിന്നു്, ശാരീരികവും, മാനസികവും, ബൌദ്ധികവും, ആദ്ധ്യാത്മികവുമായ സകല ഗുണങ്ങളും യോഗ്യതകളും തികഞ്ഞ ഒരു മഹാപുരുഷനാണു് ശ്രീരാമനെന്നു് കാണാം.

വാത്മീകിരാമായണത്തിൽ അയോദ്ധ്യാകാണ്ഡത്തിന്റെ ആരംഭത്തിൽ തന്നെ ശ്രീരാമന്റെ സൽഗുണങ്ങളേയും, സൽസ്വഭാവങ്ങളേയും, സൽപ്രവൃത്തികളേയും, സദാചാരങ്ങളേയും, സൌന്ദര്യത്തേയും, സൌകുമാര്യത്തേയും സംബന്ധിച്ചുള്ള സജീവ വർണ്ണനകളുണ്ടു്. ആവ മാനവലോകത്തെ സംബന്ധിച്ചിടത്തോളം മനസ്സിലാക്കേണ്ടതും മനനം ചെയ്യേണ്ടതുമാകുന്നു. ആദരണീയങ്ങളും, അനുകരണീയങ്ങളുമായ ആവക ഗുണങ്ങളെല്ലാം മനുഷ്യ

ന്റെ മാഹാത്മ്യത്തിന്ന് മാററുകൂട്ടുന്നവയുമാണ്. അയോദ്ധ്യാകാണ്ഡം ഒന്നാമദ്ധ്യായത്തിലെ ഒന്നുമുതൽ മുപ്പത്തൊന്നുവരെയുള്ള ശ്ലോകങ്ങളിലാണ്, രാമന്റെ രാമണീയകങ്ങളായ സർവ്വോൽകൃഷ്ട ഗുണങ്ങളെപ്പററി വാത്മീകി വർണ്ണിച്ചിരിക്കുന്നതു്.

ശ്രീരാമനെ വനത്തിലേക്ക് പറഞ്ഞയക്കാൻ കാരണക്കാരിയായ കൈകേയിക്കുപോലും, അദ്ദേഹത്തിന്റെ സ്നേഹമസൃണമായ പെരുമാററത്തിലും സ്വഭാവശുദ്ധിയിലും സത്യസന്ധതയിലും, സദ്വ്യവഹാരത്തിലും, നീതിനിഷ്ഠയിലുമെല്ലാം അങ്ങേയററത്തെ മതിപ്പും, തന്നിമിത്തം അദ്ദേഹത്തോടു് അളവററ വാത്സല്യവും ആദരവുമുണ്ടായിരുന്നെന്നു്, കൈകേയിയുടെ വാക്യത്തിൽനിന്നുതന്നെ പ്രസ്പഷ്ടമാകുന്നുണ്ടു്. രാമനെ യുവരാജാവായി അഭിഷേകം ചെയ്യാൻ പോകുന്നുവെന്നുകേട്ടു്, അതു് മുടക്കി, തൽസ്ഥാനത്തു് തന്റെ പുത്രനായ ഭരതനെ രാജാവായി വാഴിക്കണമെന്നും, പതിന്നാലുവർഷത്തെ വനവാസാർത്ഥം രാമനെ കാട്ടിലേക്കയക്കണമെന്നും മററും തന്റെയടുത്തുവന്നു് ഏഷണികൂട്ടിയ കുബ്ജയായ മന്ഥരയോടു് കൈകേയി പറയുകയാണു്:—

സന്തപ്യസേ കഥം കുബ്ജേ!
ശ്രുത്വാ രാമാഭിഷേചനം
യഥാ വൈ ഭരതോമാന്യ–
സ്തഥാ ഭൂയോഽപി രാഘവ:

കൌസല്യാതോഽതിരിക്തം ച
സ തു ശുശ്രൂഷതേ ഹി മാം
രാജ്യം യദിഹി രാമസ്യ
ഭരതസ്യാപി തത്തദാ.

“എടീ, കുബ്ജേ! നീ എന്തിനാണ്, രാമരാജ്യാഭിഷേകം നടത്താൻ പോകുന്നുവെന്നുള്ള മംഗളവാർത്ത കേട്ടിട്ടു് കുണ്ഠിതപ്പെടുന്നതു്; സന്തപിക്കുന്നതു്? എന്നെ സംബന്ധിച്ചിടത്തോളം ഭരതൻ എത്രമാത്രം സ്നേഹാദരങ്ങൾക്ക് പാത്രമാണോ, അത്രയുംതന്നെ, അല്ല; അതിലധികമായിത്തന്നെ ശ്രീരാമൻ ആദരണീയനാണ്. അദ്ദേഹം സ്വന്തം മാതാവായ കൌസല്യയെക്കാൾ കൂടുതലായി എന്നെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നുണ്ടു്. രാമന് രാജ്യഭരണാധികാരം കിട്ടുന്നുവെങ്കിൽ, അതു് ഭരതന്റേയും കൂടിയാണ്, എന്നു് നീ വിചാരിക്കുക” ഇതിൽ ഇത്രമാത്രം ദുഃഖിക്കാനെന്തുണ്ടു്?

ഇത്രയും പ്രസ്താവിച്ചതിൽ നിന്നു് ശ്രീരാമൻ മൂന്നുലോകങ്ങളിലുമുള്ള മഹാപുരുഷന്മാരിൽ വച്ചു് സർവ്വശ്രേഷ്ഠനും, സർവ്വഗുണസമ്പന്നനുമാണെന്നു് വരുന്നുണ്ടു്. എന്നാൽ, ഗുണവാനാണ്; ഭീരുവാനല്ല, പരാക്രമിയല്ല. എ

ന്ന ആക്ഷേപവും അദ്ദേഹത്തെ സംബന്ധിച്ച് പറയാനില്ല. പരാക്രമവും കൂടിയില്ലാത്ത ഗുണം ഒരിക്കലും ശോഭിക്കുന്നതല്ല. ഗുണത്തോടുകൂടി വീര്യപരാക്രമങ്ങളും കൂടിയുള്ളവനെ മാത്രമേ ലോകം ബഹുമാനിക്കു. ആ നിലക്കും അദ്ദേഹം അദ്വിതീയൻ തന്നെയാണ്. ജനകമഹാരാജാവിന്റെ സഭസ്സിൽ വച്ച്, മനുഷ്യരാലെന്നില്ല, ഇന്ദ്രൻ മുതലായ ദേവന്മാരാൽപോലും ഒന്നനക്കാൻകൂടി കഴിയാത്ത ആ ദിവ്യചാപം നിഷ്പ്രയാസം എടുത്തമ്മാനമാടി വളച്ചൊടിച്ച് സീതാദേവിയെ പാണിഗ്രഹണം ചെയ്ത സംഭവം ഇതിന്ന് ഉൽകൃഷ്ടോദാഹരണമത്രെ. ഇരുപത്തൊന്നുപ്രാവശ്യം ലോകം മുഴുവനും ചുററിനടന്ന് ക്ഷത്രിയവംശത്തെ സമൂലം സംഹരിച്ച വീരശിഖാമണിയായ പരശുരാമനെപ്പോലും അത്ഭുതപരതന്ത്രനാക്കിയ ആ ഭഗവാന്റെ വീര്യപരാക്രമത്തെ പററി പറയേണ്ടതെന്താണ്? പഞ്ചവടിയിൽ വച്ച് ഖരദൂഷണാദികളായ അനേകായിരം ഭയങ്കര രാക്ഷസന്മാരെ മററാരുടേയും സഹായം തേടാതെ ഞൊടിയിടകൊണ്ട് സംഹരിച്ച് ബലവീര്യപരാക്രമത്തിൽ ചരിത്രം സൃഷ്ടിച്ച ആളാണ് ശ്രീരാമചന്ദ്രൻ. ബാലിവധം, സമുദ്രനിഗ്രഹണം, കുംഭകർണ്ണനിധനം, രാവണവധം മുതലർയ സംഭവങ്ങളെല്ലാം അദ്ദേഹത്തിന്റെ സാമർത്ഥ്യത്തേയും സാഹസത്തേയും വിളിച്ചുപറയുന്നവയത്രെ. രാവണന്റെ ദർബാറിൽ വച്ച് ശ്രീഹനുമാൻ ആദ്യമായി പറഞ്ഞതു് നോക്കുക:—

ബ്രഹ്മാ സ്വയംഭൂശ്ചതുരാനനോ വാ
രുദ്രസ്ത്രിനേത്രസ്ത്രിപുരാന്തകോ വാ
ഇന്ദ്രോ മഹേന്ദ്രഃ സുരനായകോ വാ
സ്ഥാതും ന ശക്താ യുധി രാഘവസ്യ

(വാഃ രാഃ സുന്ദരഃ 51.44)

"സ്വയംഭൂവും നാന്മുഖനുമായ ബ്രഹ്മാവിനോ, ത്രിപുരാന്തകനും ത്രിനേത്രനുമായ സംഹാരരുദ്രനോ വജ്രായുധനായ ദേവേന്ദ്രനോ ഇവരിൽ ആർക്കും തന്നെ യുദ്ധത്തിൽ ശ്രീ രഘുനാഥനോട് നേരിട്ടുനിന്ന് പൊരുതാൻ സാദ്ധ്യമല്ല; പിന്നെ, മററുള്ളവരുടെ കഥ പറയാനുണ്ടോ?"

ഗുണവാനും വീര്യവാനുമാകുന്നതോടൊപ്പംതന്നെ ധർമ്മജ്ഞനുംകൂടി ആയിരിക്കേണ്ടതു് ആവശ്യമാണ്. അല്ലാത്തപക്ഷം, ചിലപ്പോൾ പരാക്രമം അധർമ്മത്തിൽ ചെന്ന് കലാശിച്ചേക്കാം. എന്നാൽ, ഭഗവാൻ ശ്രീരാമനെ സംബന്ധിച്ചിടത്തോളം "ധർമ്മകാമാർത്ഥതത്വജ്ഞഃ" എന്ന വിശേഷണം ഏററവും അന്വർത്ഥമാണ്. അദ്ദേഹം ധർമ്മം, അർത്ഥം, കാമം, മോക്ഷം—എന്നീ പുരുഷാർത്ഥങ്ങളുടെയെല്ലാം ജ്ഞാതാവും, വിശിഷ്യ അവക്കെല്ലാം നാഥനുമാണ്. ധാർമ്മികതത്വങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിന്ന് അപാരമായ അറിവുണ്ടായിരുന്നുവെന്നുള്ളതിന്ന്, അദ്ദേഹത്തിന്റെ ബാലിയോടുള്ള ഉപദേശത്തിൽ നിന്ന് പ്രസ്പഷ്ടമാകുന്നതാണ്. മറഞ്ഞുനിന്ന്,

തന്നെ ഒളിയമ്പെയ്തുകൊന്നതു് അങ്ങേയററത്തെ അധർമ്മവും, അനീതിയും, അന്യായവുമാണെന്നു് ബാലി പരാതിപ്പെട്ടപ്പോൾ, ഭഗവാൻ അദ്ദേഹത്തെ സമാധാനപ്പെടുത്തുകയാണു്:—"ബാലി! നീ ചെയ്ത ദുഷ്കൃത്യത്തിന്റെ ശിക്ഷയാണിതു്. പാപത്തിന്റെ ഫലമാണു്. അതനുഭവിച്ചേ മതിയാകൂ. നീ സ്വന്തം സഹോദരന്റെ (അനുജന്റെ) ഭാര്യയെ, നിന്റെ പുത്രന്റെ പത്നിയെപ്പോലെ കരുതി ആദരിക്കേണ്ടവളെ ബലാല്ക്കാരമായി നീ സ്വന്തം ഭാര്യയാക്കി വച്ചിരിക്കയല്ലേ? നീചാതിനീചമായ നിന്റെ ഈ പ്രവൃത്തിയുടെ ഫലം നീ അനുഭവിക്കുകതന്നെ വേണം. നിന്നെ ഇപ്രകാരം ശിക്ഷിച്ചിട്ടു്, ഞാൻ സ്വന്തം പ്രതിജ്ഞയേയും, രാജധർമ്മത്തേയും, മിത്രധർമ്മത്തേയും പാലിക്കയാണു് ചെയ്തിട്ടുള്ളതു്." ഭഗവാൻ സ്വന്തം അഭിപ്രായം സമർത്ഥിക്കുന്നതിനുവേണ്ടി സനാതനധർമ്മസിദ്ധാന്തങ്ങളേയും, മനുസ്മൃതിയിലും മററുമുള്ള അനേകം ആപ്തവാക്യങ്ങളേയും ഇവിടെ ഉദ്ധരിക്കുന്നുണ്ടു്.

ശ്രീരാമന്റെ ധർമ്മനിഷ്ഠയുടെ മറെറാരുദാഹരണം വിഭീഷണന്റെ ശരണാഗതിയിൽ കാണാം. ഭയപ്പെട്ടു് ഓടിവന്നു് ശരണം പ്രാപിച്ചവന്നു് അഭയം കൊടുക്കുകയെന്നതു് ഭാരതീയരുടെ മൌലികമായ ധർമ്മമാണു്; വിശിഷ്യാ വീരപുരുഷന്മാരുടെ പ്രധാന കർത്തവ്യമാണു്. ഇതു് ശ്രീരാമൻ പ്രതിജ്ഞാരൂപത്തിൽ ആവർത്തിച്ചു് പറയുന്നുമുണ്ടു്:—

സകൃദേവ പ്രപന്നായ
തവാസ്മീതി ച യാചതേ
അഭയം സർവ്വഭൂതേഭ്യോ
ദദാമ്യേതൽ വ്രതം മമ.

(യുദ്ധകാ: 18.33)

വിഭീഷണൻ തന്റെ വിശ്വസ്തന്മാരായ ചില മന്ത്രിമാരോടുകൂടി അകലെ വന്നപ്പോൾതന്നെ "ഞാൻ ഭഗവാൻ ശ്രീരാമചന്ദ്രനെ ശരണംപ്രാപിക്കാൻ വരികയാണു്" എന്നിങ്ങിനെ ആവർത്തിച്ചാവർത്തിച്ചു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു്, ഭഗവാനെ സമീപിക്കയാണു്. ഇതുകണ്ടു് ക്രൂരന്മാരായ വാനരന്മാരെല്ലാം നെററിചുളിച്ചുകൊണ്ടു് വിഭീഷണന്റെ നേരെനോക്കി പിറുപിറുക്കാൻ തുടങ്ങി. അവർക്കെല്ലാം വിഭീഷണന്റെ ഉദ്ദേശ്യശുദ്ധിയെപററി സന്ദേഹമുണ്ടായിരുന്നു. രാക്ഷസന്മാരുടെ വഞ്ചനാത്മകമായ ഒരടവായിട്ടാണു് അതിനെ അവർ കണക്കാക്കിയതു്. അവരിൽ പ്രധാനികളെല്ലാംകൂടി രഹസ്യമായി ഇതിനെസംബന്ധിച്ചു് ചർച്ചചെയ്യുകയും, ഭഗവാനെ അറിയിക്കുകയും ചെയ്തു. മായാവികളായ ഈ രാക്ഷസന്മാരെ വധിക്കേണ്ടതാണെന്നുകൂടി സുഗ്രീവൻ ഖണ്ഡിതമായി അഭിപ്രായപ്പെട്ടു. ഒടുവിൽ ഭഗവാൻ ശരണം പ്രാപിച്ചവനെ സംരക്ഷിക്കണെ"മെന്നുള്ള ക്ഷത്രിയധർമ്മത്തിൽ ഉറച്ചുനിന്നുകൊണ്ടു് ഇങ്ങിനെ പറഞ്ഞു:—

ബദ്ധാഞ്ജലിപുടം ദീനം
യാചന്തം ശരണാഗതം
ന ഹന്യാദാനൃശംസ്യാർത്ഥ–
മപി ശത്രും പരന്തപ!

ആർത്തോ വാ യദി വാ ദൃപ്ത:
പരേഷാം ശരണംഗത:
അരി: പ്രാണാൻ പരിത്യജ്യ
രക്ഷിതവ്യ: കൃതാത്മനാ.

“അല്ലയോ, മന്ത്രിമാരെ! ശത്രുക്കളായാലും ശരി; ശരണംപ്രാപിച്ച് എന്നെ രക്ഷിക്കണമെന്ന് അപേക്ഷിക്കുന്നവരിൽ ഒരിക്കലും പ്രഹരമേല്പിച്ചുകൂടാ. അവരെ യാതൊരുവിധത്തിലും ഉപദ്രവിക്കാൻ പാടില്ല. അവൻ ആർത്തനോ, അഭിമാനിയോ ആയിക്കൊള്ളട്ടെ; ആരായാലും വേണ്ടില്ല, ശത്രുപക്ഷത്തുവന്ന് അഭയം പ്രാപിച്ചാൽ, ധർമ്മാത്മാക്കളുടെ കർത്തവ്യം, അവരുടെ ജീവനെ ബലികഴിച്ചും, അവനെ രക്ഷിക്കുകയെന്നതാണ്.”

ഇത്രയും പറഞ്ഞിട്ട് ഭഗവാൻ സുഗ്രീവനോട് ആജ്ഞാപിക്കയാണ്:—

ആനയൈനം ഹരിശ്രേഷ്ഠ
ദത്തമസ്യാഭയം മയാ
വിഭീഷണോ വാ സുഗ്രീവ
യദി വാ രാവണ: സ്വയം.

“ഹേ, വാനരശ്രേഷ്ഠനായ സുഗ്രീവ! അത് വിഭീഷണനോ, അല്ലെങ്കിൽ രാവണൻ തന്നെയോ ആയിക്കൊള്ളട്ടെ; ഞാൻ അവന് അഭയം കൊടുത്തുകഴിഞ്ഞു. ഇനി നിങ്ങൾ പോയി അവനെ എന്റെ അടുക്കലേക്ക് കൂട്ടിക്കൊണ്ടുവരിക.”

ഇതാണ് മര്യാദാപുരുഷോത്തമനായ ശ്രീരാമന്റെ ധർമ്മനിഷ്ഠ അഥവാ ശരണാഗതവാത്സല്യം. ലോകത്തിൽ വേറെ ആരുണ്ട് അദ്ദേഹത്തിന് തുല്യനായിട്ട്? ധർമ്മജ്ഞതയിൽ മാത്രമല്ല; കൃതജ്ഞതയിലും അദ്ദേഹം അനുപമനാണെന്ന് വാത്മീകി എടുത്തുപറയുന്നുണ്ട്:—

ന സ്മരത്യപകാരാണാം
ശതമപ്യാത്മവത്തയാ
കഥം ചിദുപകാരേണ
കൃതേനൈകേന തുഷ്യതി.

“ശരിയായ മനോനിയന്ത്രണമുള്ളതിനാൽ ശ്രീരാമൻ മററുള്ളവർ ചെയ്യുന്ന നൂറു നൂറ് അപരാധങ്ങളേയും വിസ്മരിച്ചുകളയുന്നു. അവയൊന്നും

കാര്യമായി കരുതുന്നില്ല. എന്നാൽ ആരെങ്കിലും എപ്പോഴെങ്കിലും ഒരിക്കൽ ഒരുപകാരം ചെയ്താൽ, അതുകൊണ്ടു് വളരെ സന്തോഷിക്കുകയും, അതെപ്പോഴും ഓർമ്മവെക്കുകയും ചെയ്യുന്നുവെന്നു് സാരം."

ഉദാഹരണത്തിനു്, ഹനുമാൻ ലങ്കയിൽപോയി സീതാദേവിയുടെ വിവരമെല്ലാം അറിഞ്ഞു് മടങ്ങിവന്നപ്പോൾ, രാമൻ അതീവ സന്തോഷത്തോടുകൂടി അദ്ദേഹത്തെ ഗാഢാശ്ലേഷം ചെയ്യുകയും, അദ്ദേഹത്തിൻെറ സേവനത്തെ മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്യുന്നുണ്ടു്. പിന്നീടു്, രാജ്യാഭിഷേകത്തിനുശേഷം പഴയ സുഹൃത്തുക്കളെയെല്ലാം പിരിച്ചുവിട്ട സമയത്തു് ഹനുമാൻ ചെയ്ത ഉപകാരത്തെ അനുസ്മരിച്ചുകൊണ്ടു് ഭഗവാൻ പറയുകയാണു്:—

ഏകൈകസ്യോപകാരസ്യ
പ്രാണാൻ ദാസ്യാമിതേ കപേ
ശേഷസ്യേഹോപകാരാണാം
ഭവാമ ഋണിനോ വയം.

മദംഗേ ജീർണ്ണതാം യാതു
യത്വയോപകൃതം കപേ
നരഃ പ്രത്യുപകാരാണാ-
മാപൽസ്വായതി പാത്രതാം.

"കപിശ്രേഷ്ഠ! എനിക്കു് അങ്ങു് ചെയ്തിട്ടുള്ള ഉപകാരങ്ങൾ ഏററവും മഹത്തരങ്ങളാണു്. അവ ഓരോന്നിനും പകരമായി ഞാൻ സ്വന്തം ജീവനെക്കൂടി ത്യജിക്കാൻ സന്നദ്ധനാണു്. പിന്നെ, ശേഷമുള്ള ഉപകാരങ്ങൾക്കു് ഞാൻ നിങ്ങൾക്കു് കടപ്പെട്ടിരിക്കയാണു്. നിങ്ങൾ ചെയ്തിട്ടുള്ള ഉപകാരങ്ങളെല്ലാം എൻെറ ശരീരത്തിൽതന്നെ വിലയം പ്രാപിക്കട്ടെ. അതിനു് പകരംവീട്ടാനുള്ള അവസരം വരാതിരിക്കട്ടെ അതായതു് പ്രത്യുപകാരത്തിനുള്ള ആവശ്യം നേരിടുന്നതു്, സാധാരണയായി എന്തെങ്കിലും അവശതയോ ആപത്തോ സംഭവിക്കുമ്പോഴാണല്ലോ. അങ്ങിനെയുള്ളതൊന്നും ഹനുമാനുണ്ടാകാതിരിക്കട്ടെ; എന്നു് താല്പര്യം.

ശ്രീരാമൻ ഗുണവാനും, വീര്യവാനും, ധർമ്മജ്ഞനും, കൃതജ്ഞനുമാണെന്നു് പറഞ്ഞുവല്ലോ. വിശിഷ്യ, അദ്ദേഹം സത്യവാദിയും കൂടിയാണു്:—

അനൃതം നോക്തപൂർവ്വംമേ
ന ച വക്ഷ്യേ കദാചന

എന്നു് ശ്രീരാമൻതന്നെ പറയുന്നുണ്ടു. "ഞാൻ ഇതിനുമുമ്പൊരിക്കലും കള്ളം പറഞ്ഞിട്ടില്ല; ഇനിയൊട്ടു് പറയുകയുമില്ല? "രാമോദ്വിർനാഭി ഭാഷതേ"—രാമൻ രണ്ടുവാക്കില്ലാത്തവനാണു്. പതിന്നാലു് സംവത്സരക്കാലം വ

നവാസം വേണമെന്നു് നിശ്ചയിച്ചതിന്നുശേഷം, അദ്ദേഹത്തെ അതിൽനിന്നു് പിൻതിരിപ്പിക്കാൻവേണ്ടി അനേകം പ്രതിബന്ധങ്ങളും പ്രലോഭനങ്ങളും, പ്രേമാഭ്യർത്ഥനകളുമുണ്ടായി." മാതാവായ കൌസല്യ ഗുണദോഷിച്ചുനോക്കി, ലക്ഷ്മണൻ മററു പ്രതിബന്ധങ്ങളെയെല്ലാം തൃണവൽക്കരിച്ചു രാമനെത്തന്നെ രാജാവാക്കാൻ ഉത്സാഹിച്ചുനോക്കി, പ്രജകളെല്ലാം രാമൻതന്നെ രാജാവായിരിക്കണമെന്നു് ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടുനോക്കി, അവസാനം ഭരതൻ വനത്തിൽചെന്നു്, ശ്രീരാമനോടു് അയോദ്ധ്യയിലേക്കു് മടങ്ങിവന്നു് അച്ഛൻെറ അഭാവത്തിൽ ഭരണഭാരം ഏറെറടുക്കണമെന്നു് വീണ്ടുകേണപേക്ഷിച്ചുനോക്കി—ഇതുകൊണ്ടൊന്നും ഭഗവാനു് യാതൊരിളക്കവുമുണ്ടായില്ല. തൻെറയും പിതാവിൻെറയും പ്രതിജ്ഞ നിറവേററാതെ താൻ നാട്ടിലേക്കില്ലെന്നു് തീർത്തുപറഞ്ഞു.

ഇങ്ങിനെ വാത്മീകിമഹർഷി അറിയാനാഗ്രഹിച്ച ഗുണങ്ങളെല്ലാം, ആദ്യത്തെ ആറും, ശ്രീരാമനിൽ പരിപൂർണ്ണമായി പരിലസിക്കുന്നുണ്ടെന്നു് കണ്ടു. എന്നാൽ, ആവക ഗുണങ്ങളെല്ലാമുണ്ടു്; പക്ഷെ ചാരിത്ര്യശുദ്ധി അത്രക്കൊന്നും പറയാനില്ല. എന്നുവന്നാൽ ഗുണങ്ങളെല്ലാം നിഷ്പ്രഭങ്ങളാണെന്നു്, വിചാരിച്ചു്, "ചാരിത്രേണ ച കോ യുക്തഃ" എന്നു് വാത്മീകി എടുത്തുചോദിക്കുന്നുണ്ടു്. ചാരിത്ര്യശുദ്ധിയിലും അദ്ദേഹം അദ്വിതീയനാണു്. ഇതു് സുപ്രസിദ്ധമായ അദ്ദേഹത്തിൻെറ ഏകപത്നീവ്രതംതന്നെ ദൃഷ്ടാന്തമാണു്.

ശ്രീരാമൻ സ്ഥിതപ്രജ്ഞനും, മഹാമനസ്സനുമാണു്. ഹർഷശോകാദിദ്വന്ദ്വഭാവങ്ങൾക്കുപോലും അതീതനായിരുന്നു അദ്ദേഹം. രാജ്യപ്രാപ്തികൊണ്ടു് സന്തോഷിക്കുകയോ, വനവാസംകൊണ്ടു് ദുഃഖിക്കുകയോ അദ്ദേഹം ചെയ്തിരുന്നില്ല. സുഖദുഃഖങ്ങളെ സമാനമായിക്കരുതി സമചിത്തതയോടെ ഏതാപത്തിനേയും ധൈര്യസമേതം നേരിടാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു ഭ്രാതൃസ്നേഹത്തിലാണെങ്കിൽ, അദ്ദേഹം ഭാരതീയക്കൊരു മാതൃകാപുരുഷൻ തന്നെയായിരുന്നു. ഇതിനും പുറമേ മാതൃഭക്തി, പിതൃഭക്തി ആചാര്യഭക്തി എന്നീവിഷയങ്ങളിലും അത്ഭുതപൂർവ്വമായ ആദർശമാണു്, അദ്ദേഹം അനുവർത്തിച്ചിരുന്നതു്. അങ്ങിനെ സമുന്നതങ്ങളായ ആദർശങ്ങളുടെയെല്ലാം സജീവമൂർത്തിയായിരുന്നു ശ്രീരാമനെന്നു് താല്പര്യം. അതുകൊണ്ടാണു്, ഭാരതീയരായ നാം അദ്ദേഹത്തെ ആദരിക്കയും, ആരാധിക്കയും ചെയ്യുന്നതു്.

(ഹിന്ദിയിൽ നിന്നു്)

# അമ്പിട്ടൻ സ്വർഗ്ഗത്തിലേക്കു പോയതു്

## ഒരു തമാശക്കഥ

പി. അമ്മിണിക്കുട്ടി (എട്ടാംതരം)

പ്രിയപ്പെട്ട പത്രാധിപരെ! ഞങ്ങൾ എട്ടാംതരത്തിൽ പഠിക്കുന്ന കുട്ടികൾ ഉച്ചക്കു് ഊണുകഴിച്ചശേഷം സ്കൂളിലുള്ള ഒരു ഒട്ടുമാവിന്റെ താഴെ തണലിലിരുന്നു് കഥകൾ പറഞ്ഞു് രസിക്കാറാണു് പതിവു്. അന്നത്തെ ഊഴം എന്റേതാണു്. ഞാൻ കഥയുടെ പേരുപറഞ്ഞപ്പോൾ അടുത്തിരുന്ന വെങ്കിട്ടരാമൻ (പട്ടരുകുട്ടി) "ഹോ! നീയും അമ്പിട്ടനും സ്വർഗ്ഗവും!" എന്നു പറഞ്ഞു് പുച്ഛിച്ചു. അപ്പോൾ എന്റെ ചങ്ങാതി മാധവിക്കുട്ടി ചൊടിച്ചു് "എന്തേ! അമ്പിട്ടനു് സ്വർഗ്ഗത്തിൽ പോയ്ക്കൂടയോ? പട്ടർക്കേ പാടുള്ളൂ? ഇതു് ഗാന്ധിയുടെ യുഗമാണെന്നു് പട്ടർക്കറിയില്ല." അപ്പോൾ അരവിന്ദൻ "ആട്ടെ. കഥകേൾക്കട്ടെ. നിങ്ങടെ തർക്കം പിന്നീടാവാം., മണി അടിക്കാറായി. അമ്മിണിക്കുട്ടി വേഗം കഥപറയൂ" ഞാൻ പറഞ്ഞ കഥയാണു് ഇതു്.

ഒരിക്കൽ ഒരമ്പിട്ടനുണ്ടായിരുന്നു. അയാളുടെ കുലത്തൊഴിലായ ക്ഷൗരപ്പണിയിൽ മിടുമിടുക്കനാണു്. അയാൾക്കു് അതുകൊണ്ടുമാത്രം കുടുംബത്തെ രക്ഷിപ്പാൻ വക പോരായിരുന്നു. അപ്പോൾ അടുത്തുള്ള ജന്മിയോടു് പത്തുപറക്കു് കണ്ടം പാട്ടത്തിനേറു കൃഷിചെയ്തു അവിടെ പാർത്തു. ഒരു ദിവസം അയാൾ പാടത്തു് ചുററിനോക്കിയപ്പോൾ ഒരു കണ്ടത്തിലെ മിക്കഭാഗവും പുഞ്ച കന്നുകാലികൾ വന്നു തിന്നിട്ടുള്ളതായി കണ്ടു. അയാൾ അയൽപക്കത്തുള്ളവരെ ശകാരിച്ചു് "മേലിൽ കന്നുകളെ അഴിച്ചുവിട്ടാൽ കാലുതല്ലി ഒടിക്കും" എന്നു് താക്കീതുചെയ്തു. അയാൾ രാത്രി ഉറക്കൊഴിച്ചു് പുഞ്ചക്കു് കാവലിരുന്നു. അന്നൊന്നും ഒരു കന്നും വന്നില്ല. കുറെ ദിവസം അങ്ങനെ കാവലിരുന്നു. ഒരു ദിവസവും യാതൊരു കന്നും വരുന്നതായി കണ്ടില്ല. പിറേറന്നു് വെളുത്തവാവാണു്. അന്നും പതിവുപോലെ അയാൾ കാവലിരുന്നു. ഏകദേശം പാതിരയായപ്പോൾ ദൂരെ കണ്ടത്തിൽ ഒരു വെളുത്ത പശു നിന്നു പുഞ്ച തിന്നുന്നതു് കണ്ടു. ആയാൾ ചെല്ലുമ്പോഴക്കും അതു് ഓടിപ്പോയി. മുമ്പത്തേക്കാൾ ഉഷാറായി പിന്നീടും കാവലിരുന്നു. വെളുത്ത വാവിൻനാൾ പശു വരും, തിന്നും, പിടിക്കാൻ ചെല്ലുമ്പോൾ ഓടി പിടികൊടുക്കാതിരിക്കും. മററു ദിവസങ്ങളിലൊന്നും പശു വരാറില്ല. എങ്ങനെയെങ്കിലും അതിനെ പിടിച്ചേ താൻ അടങ്ങൂ എന്നു് അമ്പിട്ടൻ തീർച്ചയാക്കി.

ഒരു വെളുത്ത വാവിൻനാൾ അമ്പിട്ടൻ വിളഞ്ഞ പഞ്ച വകഞ്ഞു് അതിന്നുള്ളിൽ ഒളിച്ചുകിടന്നു. പതിവുപോലെ അർദ്ധരാത്രി സമയത്തു് പശു വന്നു. അമ്പിട്ടൻ പശു അറിയാതെ പററിപ്പുള്ളി ചാടി അതിൻെറ വാലിൽ കടന്നു പിടിച്ചു. പശു പരിഭ്രമിച്ചു് ഓടി. അമ്പിട്ടൻ പിടിവിട്ടില്ല; മുറുക്കെ പിടിച്ചു. കുറെ ദൂരം ഓടി പശു ആകാശത്തേക്കുയൎന്നു. അമ്പിട്ടനും അതിൻെറ വാലിൽതൂങ്ങി പൊങ്ങിപ്പോയി. കുറെ പോയപ്പോൾ ആകാശം രണ്ടായി പിളൎന്നതിൽകൂടി പശു അമ്പിട്ടനേയുംകൊണ്ടു് ദിവ്യമായ ഒരു സ്ഥലത്തെത്തിനിന്നു. അമ്പിട്ടൻ വാലുവിട്ടുമാറി വേറൊരു സ്ഥലത്തു് ജോറായ ഒരു പൂന്തോട്ടത്തിൽ ചെന്നിരുന്നു. അവിടെയെല്ലാം "ഗമഗമന്നു" വാസന പരന്നിട്ടുണ്ടു്—എന്തെല്ലാം ജാതി ചെടികൾ, പുഷ്പങ്ങൾ, ഫലങ്ങൾ, പഴങ്ങൾ. ഇവിടെ റോഡുകളിൽ കരിങ്കൽ സില്ലുകളും മണ്ണും അല്ലേ ഇട്ടു് നന്നാക്കുന്നതു്. അവിടെ നവരത്നങ്ങൾ വിരിച്ചു് സ്വർണ്ണപ്പൊടിയിട്ടാണു് റോഡുകൾ ഉണ്ടാക്കീട്ടുള്ളതു്. അപ്പോഴേക്കു് അതിലെ കുറെ പശുക്കൾ പോകുന്നതു് അയാൾ കണ്ടു. "അമ്പോ! എന്തൊരു കൂററൻപശുക്കൾ. ഓരോന്നും പത്തോ ഇരുപതോ പറ പാലുകറക്കും. ഒക്കെയും ഒരേനിറം. തനി വെളുപ്പ്. അതിന്റെപിന്നാലെ വരുന്നു കുതിരകൾ. പച്ചക്കുതിരകൾ—അത്യത്ഭുതം—പിന്നെ വരുന്നതു് ആനകളാണു്. ഹാ! എന്തു് കൗതുകം! എല്ലാം പാലുപോലെ വെളുത്തതു്. അതിലൊരാനക്കു് നാലു് കൊമ്പുകളുണ്ടു്. കുറെ കഴിഞ്ഞപ്പോൾ ആ വഴിക്കു് നടന്നുപോയതു് ചില സ്ത്രീകളാണു്. ആൎക്കും ഇരുപതുവയസ്സിൽ കൂടുതൽ പ്രായം കാണില്ല. കണ്ണെഴുതി, പൊട്ടുതൊട്ടു്, വെററിലമുറുക്കി, ആഭരണങ്ങളണിഞ്ഞു് സ്വൎണ്ണഇഴകൾകൊണ്ടു് നെയ്തു് ബോർഡറിലെല്ലാം കല്ലുപതുക്കിയ നൈലോൺ സാരികളാണു് ചുററീട്ടുള്ളതു്. ദയമന്തിയെപ്പററി നമ്മുടെ പുസ്തകത്തിൽ പറഞ്ഞിട്ടില്ലേ. ആ ദയമന്തി ഈ യുവതികളുടെ വാലിയക്കാരത്തിയാകാൻ കൂടി പററില്ല.

വെങ്കിട്ടരാമൻ:— ഹോ! പെണ്ണു കണ്ട മാതിരി പറയുണു. നൊണക്കഥ

അരവിന്ദൻ:—(ദേഷ്യപ്പെട്ടു്) വെറുതെയിരിക്കട പട്ടരെ. അധികം കളിച്ചാൽ എലിവാലിൽ നങ്കിമീൻ കെട്ടിവിടും. ഇതു കേട്ടു് ഞങ്ങളെല്ലാവരും പൊട്ടിച്ചിരിച്ചു. ആ പട്ടര്കുട്ടി മുഷിഞ്ഞു് അവിടുന്നു പോയി.

അതാണു് സ്വർഗ്ഗം സ്വർഗ്ഗം എന്നു പറയുന്നതു്. പിന്നീടു് ചില താടിക്കാർ ആ വഴിക്കു് വന്നു. ഋഷികുമാരന്മാരാണത്രെ അവർ. അമ്പിട്ടനെ അവർ കണ്ടു. പുതിയ മനുഷ്യനെ കണ്ടപ്പോൾ അത്ഭുതത്തോടുകൂടി അവർ അയാളുടെ അടുത്തുചെന്നു് വിവരങ്ങൾ ചോദിച്ചു മനസ്സിലാക്കി. അവരുടെ ആവശ്യപ്രകാരം മടിയിലിരുന്ന കത്തിരിയും കത്തിയുമെടുത്തു് തലക്രോപ്പുചെയ്തു് താടിവടിച്ചു് അവരെ സുന്ദരക്കുട്ടപ്പന്മാരാക്കി. ഋഷികുമാരന്മാരെ കണ്ട സകല ദേവന്മാരും അത്ഭുതപ്പെട്ടു. സ്വർഗ്ഗലോകത്തു ക്ഷൌരപ്പണിവിദ്യ ആൎക്കും അറിവില്ലായിരുന്നു. അതിന്നുവേണ്ട ആയുധങ്ങളും അവിടെ

ഉണ്ടായിരുന്നില്ല. സകല ദേവന്മാൎക്കും സുന്ദരക്കുട്ടപ്പന്മാരാകണമെന്നു് ആശ ജനിച്ചു. എല്ലാവരും ഓടിവന്നു് നമ്മുടെ അമ്പിട്ടനെ വളഞ്ഞു. ദേവേന്ദ്രൻെറ തല ക്രാപ്പുചെയ്തു് മുഖംവടിച്ചു് മീശവെച്ചു; ശിവൻെറ മുഖംമാത്രം വടിച്ചു് മീശവെച്ചതേയുള്ളു. വിഷ്ണു മുഖം മുഴുവനും വടിച്ചു് മിനുസമാക്കി. ബ്രഹ്മാവു് ഇതിലൊന്നും ഭ്രമിക്കാതെ വന്നതേയില്ല. ഇതാണു് നമ്മുടെ ചില പടങ്ങളിൽ ശിവനെ മേൽമീശവെച്ചു് കാണാൻ കാരണം. അമ്പിട്ടനെ പരിചയപ്പെടുന്നതിനു മുമ്പുള്ളതാണു് താടി വളൎത്തിയ ശിവൻ. കൂട്ടംകൂട്ടമായി ലക്ഷക്കണക്കിൽ ആളുകൾ ക്ഷൌരത്തിനു വന്നതു കണ്ടപ്പോൾ അമ്പിട്ടൻ പറഞ്ഞു, "ഞാൻ ഒററയ്ക്കു് ഇതുപെരുത്തു് ക്ഷൌരം നടത്താൻ ആളല്ല. കത്തി ഒന്നേയുള്ളു. എന്നെ നാട്ടിലേയ്ക്കയച്ചാൽ വേണ്ടേടത്തോളം അമ്പിട്ടന്മാരെ കൂട്ടി കത്തിയുംകൊണ്ടു് വരാം." ഇതുകേട്ടു് ദേവന്മാർ സന്തോഷിച്ചു് അമ്പിട്ടനു് ദിവ്യങ്ങളായ പല സാധനങ്ങളും സമ്മാനിച്ചു് മുമ്പത്തെ പശുവിൻെറ വാലിൽക്കൂടിൽതന്നെ അവനെ ഭൂമിയിലേക്കയച്ചു അവൻ വരുമ്പോൾ ദേവന്മാരറിയാതെ—അറിഞ്ഞാൽ അവർ പരിഹസിക്കുമെന്നു് കരുതി—റോഡരികിൽ നന്നാക്കാൻ കൂട്ടിട്ടുള്ള കല്ലട്ടികളിൽനിന്നു് കുറെ കല്ലും മണ്ണും വാരി ഭാണ്ഡത്തിലിട്ടു.

കറുപ്പനമ്പിട്ടനെ കാണാതെ അവൻെറ ഭാൎയ്യയും മക്കളും നാട്ടുകാരും വ്യസനിച്ചിരിക്കുകയായിരുന്നു. അതാ ഒരു ദിവസം കറുപ്പൻ പെട്ടെന്നു് വീട്ടിൽ കയറിവന്നു. അവൻെറ കയ്യിൽ അളവററ ദിവ്യവസ്തുക്കൾ കണ്ടു ഭാൎയ്യയും മക്കളും അത്ഭുതപ്പെട്ടു. നാട്ടുകാർ വിവരമറിഞ്ഞു് ഓടിയെത്തി. അവൎക്കെല്ലാം സ്വൎണ്ണവും രത്നങ്ങളും വാരി വിതറിക്കൊടുത്തു. കറുപ്പൻ എല്ലാ സംഭവങ്ങളും വിവരിച്ചുപറഞ്ഞു് മററുള്ള അമ്പിട്ടന്മാരെ ഒക്കെ സ്വൎഗ്ഗത്തിലേക്കു് ക്ഷണിച്ചു. ഒററ കുഞ്ഞെങ്കിലും ബാക്കിയില്ലാതെ എല്ലാവരും സ്വൎഗ്ഗത്തിലേക്കു് പോകാൻ തയ്യാറായി. നിശ്ചയിച്ച സമയത്തു് പശു വന്നു. ആദ്യം കറുപ്പൻ അതിൻെറ വാലിൽപ്പിടിച്ചു് കിടന്നു. കറുപ്പൻെറ കാലിൽപ്പിടിച്ചു് വേറൊരാൾ കിടന്നു. അയാളുടെ കാലിൽ പിടിച്ചു് പിന്നൊരാളും. ഇങ്ങനെ അവിടെയുള്ള എല്ലാവരും ഓരോരുത്തരുടേയും കാലു പിടിച്ചു. എല്ലാവരും തയ്യാറായപ്പോൾ കറുപ്പൻ പശുവിനോടു് പൊങ്ങിക്കൊള്ളാൻ പറഞ്ഞു പശു പൊങ്ങി. കുറെ ദൂരം പോയപ്പോൾ അവൎക്കു ഭയമായി. വല്ലവരും കൈ വിട്ടാൽ അതിനു താഴെയുള്ളവർ വീണു് എല്ലു് പോലും കിട്ടാൻ തരപ്പെടില്ല. ഏററവും താഴെ കാലു പിടിച്ചവൻ മുമ്പുള്ളവനോടു്—"ചേട്ടാ, കൈ മാത്രം വിടല്ലേ. സ്വൎഗ്ഗത്തിൽ ചെന്നുകിട്ടിയാൽ പാതി തരാ"മെന്നു പറഞ്ഞു് അപേക്ഷിച്ചു. അങ്ങനെതന്നെ താഴെ താഴെ ഉള്ളവർ മേലേ മേലേ ഉള്ളവരോടു് പാതിയും മുഴുവനും തരാമെന്നുപറഞ്ഞു് കൈ മുറുക്കെ പിടിക്കുവാനപേക്ഷിച്ചു. നമ്മുടെ കറുപ്പൻെറ കാലു പിടിച്ചവൻ, "ചേട്ടാ, മുറുക്കിപ്പിടിക്കണേ. താഴേയുള്ളവർ തന്ന ഓഹരിയെല്ലാം ഞാൻ ചേട്ടനു് തരാം. എൻേറതു മുഴുവനും" എന്നു പറഞ്ഞു. ഇതുകേ

ട്ട് കറപ്പൻ സന്തോഷിച്ച്, നിങ്ങൾ തരണതെല്ലാംകൂടി "ഇത്ര"യുണ്ടോ എന്ന് കൈകവിടത്തി കാണിച്ചു. എല്ലാവരും തൽക്ഷണം താഴെവീണു മരിച്ചു.

അപ്പോഴേയ്ക്കും ഫസ്റ്റ് ബെൽ അടിക്കണ കേട്ടു. മീനു ചിരിച്ചു പറഞ്ഞു: "അതാണല്ലേ—നമ്മുടെ നാട്ടിൽ ഓരോരുത്തരും അവരുടെ മുഖം തന്നത്താൻ ഷേവ് ചെയ്യുണത്." കഥ കഴിഞ്ഞു. ഞങ്ങൾ ചിരിച്ച് ക്ലാസ്സിലേക്ക് പോയി. എന്താ പത്രാധിപരേ! നന്നായോ?*

## മഹദ്വാക്യങ്ങൾ

1. അനുസരിക്കാൻ ശീലിച്ചവനുമാത്രമേ കല്പിക്കാൻ സാധിക്കൂ
2. ഹിംസയുടെ മാതാവാണ് അസത്യം
3. കാലുതെററിയാലും നാവ് തെററരുത്
4. സ്നേഹമാണ് ജീവൻ; വിദ്വേഷം മരണവും
5. കോപം ക്ഷണികമായ ഉന്മാദമാണ്
6. ഹൃദയമില്ലാത്ത വാക്കിനേക്കാൾ വാക്കില്ലാത്ത ഹൃദയമാണ് നല്ലത്
7. കളയില്ലാത്ത ഭൂമിയില്ല, പാപമില്ലാത്ത ഹൃദയവുമില്ല.

(ഗാന്ധിജി)

---

* ഉവ്വ്, വളരെ രസമായി. കുട്ടി ഈ മാതിരി കഥകൾ എഴുതുക. ഈ കഥയ്ക്ക് കുട്ടിക്ക് അഞ്ചുരൂപ സമ്മാനം അയയ്ക്കുന്നുണ്ട്. മററുള്ളവരും ഇങ്ങനെ കഥകളയക്കുന്നത് പ്രസിദ്ധപ്പെടുത്താൻ പററിയതാണെങ്കിൽ നല്ല നല്ല സമ്മാനങ്ങൾ കൊടുക്കും. എല്ലാവരോടും പറയുക. —പത്രാധിപർ

Please circulate in the class and put up on the Notice Board.

# The 3rd Inter-Collegiate All Kerala Thuncheth Memorial Essay Competition in Malayalam

**Thursday 10th November 1960**

(അന്നു് മുടക്കമാണെങ്കിൽ അടുത്ത ദിവസം)

## പ്രവേശനഫീസ്സ് എട്ടണ മാത്രം

### വിഷയവിവരം

1. വിദ്യാഭ്യാസം — അന്നും ഇന്നും
2. കലയും മതവും
3. ജീവിതോദ്ദേശ്യം
4. അനുഭവത്തിൽനിന്നു് ഒരു ചെറുകഥ

ഇവയിൽ ഒന്നായിരിക്കും. ശരിയ്ക്കുള്ള ചോദ്യക്കടലാസ്സ് സമയത്തു് എത്തിക്കുന്നതാണു്. അതതു കാളേജിൽവെച്ചു് പ്രിൻസിപ്പാളോ അദ്ദേഹത്തിൻെറ പ്രതിനിധിയോ പരീക്ഷ നടത്തി പ്രവേശനഫീസ്സോടുകൂടി കടലാസ്സുകൾ താഴെ കാണുന്ന മേൽവിലാസത്തിൽ അയച്ചുതരേണ്ടതാണു്. 40% മാർക്കുവരെ സമ്മാനങ്ങൾ കൊടുക്കുന്നതാണു്. സമ്മാനങ്ങൾക്കുപുറമെ ഈ വർഷംമുതൽ ഒരു വിലപിടിച്ച ട്രോഫിയും ഏർപ്പെടുത്തീട്ടുണ്ടു്. ഏററവും ചുരുങ്ങിയതു് ഇരുപതു പേരെങ്കിലും പങ്കെടുത്ത കാളേജുകൾ മാത്രമേ ട്രോഫിക്കു് അർഹരാകയുള്ളൂ. ചേരുവാനുദ്ദേശിക്കുന്ന കാളേജുകൾ ഒരു മാസത്തിന്നുള്ളിൽ പേരുവിവരം അറിയിച്ചുതരേണ്ടതാണു്. ബോർഡിൻെറ തീരുമാനം അവസാനത്തേതായിരിക്കും. അതിൽ ചോദ്യം ചെയ്യപ്പെടാവുന്നതല്ല. കൂടുതൽ വിവരങ്ങൾക്കു എഴുതി ചോദിക്കുക. ഈ വർഷം ചില മെഡല്ലുകളും ഏർപ്പെടുത്തീട്ടുണ്ടു്.

*SECRETARY,*
Thuncheth Ezuthachan Office,
Chittur—Cochin, (Palghat Dt.).

Please Circulate in the class and put up on the Notice Board.

# 11_ാമത്തെ സമസ്ത കേരള തുഞ്ചൻ സ്മാരക പ്രബന്ധമത്സരപ്പരീക്ഷ

## 1960 നവമ്പ്ര് 10-ാംനു- വ്യാഴാഴ്ച

അന്ന് മുടക്കമാണെങ്കിൽ അടുത്ത ദിവസം

### *High Schools & Training Schools*

### പ്രവേശനഫീസ്സ് ആറണ

### വിഷയവിവരം

1. ജീവിതോദ്ദേശ്യം
2. സ്കൗട്ട് പ്രസ്ഥാനം
3. പൊതുസേവനം
4. കേരളീയ കലകൾ
5. അനുഭവത്തിൽനിന്ന് ഒരു ചെറുകഥ

### *L. S., H. E., Middle Etc. Schools*

### പ്രവേശനഫീസ്സ് രണ്ടണ

1. സത്യം 2. ശുചിത്വം 3. അനുസരണം

ഇവയിൽ ഏതെങ്കിലുമൊന്നായിരിക്കും. ഇത്തവണ ഓരോ സ്കൂളിലും ഓരോ ക്ലാസ്സും പ്രത്യേകം പ്രത്യേകം പരിശോധിച്ച് സമ്മാനം കൊടുക്കുന്നതാകകൊണ്ട് താരതമ്യവിവേചനത്തിന്ന് ചുരുങ്ങിയത് ഓരോ ക്ലാസ്സിൽനിന്ന് പത്ത് കുട്ടികളെങ്കിലും പങ്കെടുത്തിരിക്കണം. അറുപത് കുട്ടികളിലധികം പങ്കെടുത്ത സ്കൂളുകൾ മാത്രമേ ട്രോഫികൾക്ക് അർഹരാകയുള്ളു. ശരിയായ ചോദ്യം സമയത്ത് അയച്ചുകൊടുക്കുന്നതാണ്. മാർക്കിടുന്നതിൽ കയ്യക്ഷരം പ്രത്യേകം പരിഗണിക്കും. ഇത്തവണ സമ്മാനങ്ങൾക്കപുറമെ അനുമോദനപത്രവും ചില മെഡലുകളും ഉണ്ടായിരിക്കും.

നിർവ്വാഹകസംഘത്തിന്നുവേണ്ടി
*കാര്യദർശി*
തുഞ്ചത്തെഴുത്തച്ഛൻ ആപ്പീസ്സ്
ചിററൂർ—കൊച്ചിൻ.

---

*N. B:*— പങ്കെടുക്കുവാനുദ്ദേശിക്കുന്ന വരിക്കാരല്ലാത്ത സ്കൂളുകാർ ഒരു മാസത്തിന്നുള്ളിൽ വിവരം അറിയിച്ചാൽ മാത്രമേ സമയത്ത് ചോദ്യക്കടലാസ്സ് അയക്കാൻ തരപ്പെടുകയുള്ളു.